# അരം

**ഫാ. ജോയി തോമസ് തോട്ടങ്കര**

എം.സി.ബി.എസ്.

**AMAEK**

**Ave Maria Ave Eucharistia in Koinonia**

**(പരമദിവ്യകാരുണ്യത്തിന്റെ അമ്മയായ മറിയത്തിനും, പരിശുദ്ധ പരമദിവ്യകാരുണ്യത്തിനും കൂട്ടായ്മയിൽ സ്തുതിയായിരിക്കട്ടെ)**

പിതാവിന്റെ മനുഷ്യമക്കളോടുള്ള സ്നേഹം പുത്രനായ യേശുവിലൂടെ വെളിപ്പെടുത്തിയതിനെയോർത്ത് നന്ദി. ത്രിത്വത്തിലെ മൂന്നാമാളായ റൂഹാതമ്പുരാന്റെ സഹനസഹകരണം വഴി കുരിശോളം ഉയർത്തപ്പെട്ട സ്നേഹം ത്രിത്വത്തെ വഹിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയം വഴി നൽകുന്ന ത്രിത്വമേ, നന്ദി. ഓ സ്നേഹസമുദ്രമേ, ആ സമുദ്രത്തിൽ ഒരു തുള്ളിയായി തീരുവാനുള്ള ആഗ്രഹത്തിന്റെ സമർപ്പണമായി ഞങ്ങളുടെ ജീവിതത്തേയും പ്രാർത്ഥനയേയും പ്രവർത്തനങ്ങളേയും സമർപ്പിക്കുന്നതോടൊപ്പം അനുഗ്രഹങ്ങൾ യാചിച്ചുകൊണ്ട് പരമദിവ്യകാരുണ്യത്തിന്റെ അമ്മയുടെ വിമലഹൃദയത്തിന്റെ വിജയത്തിനായി ഈ അക്ഷരങ്ങൾ മക്കൾ സമർപ്പിക്കുന്നു.



# സ്നേഹാത്ഭുതം

1. **സന്ദേശം**
2. **മുറിക്കുംതോറും**
3. **ചുമടെന്റെ**
4. **സന്ദേശം**
5. **ഉണർവിൻ**
6. **സന്ദേശം**
7. **അമ്മേ നിന്നോട്**
8. **ദേവായലത്തിൽ**
9. **സന്ദേശം**
10. **ചെളയാകാൻ**
11. **സന്ദേശം**
12. **ഉണ്ണിയീശോ**
13. **സന്ദേശം**
14. **കദനഭാരം**
15. **സന്ദേശം**
16. **മനസ്സിന്റെ**
17. **പുണരാം**



**1.** നീതിമാന്മാരുടെ സമൂഹത്തിൽ ഹൃദയപൂർവ്വം ഞാൻ കർത്താവിനെ സ്തുതിക്കും. അവിടുത്തെ പ്രവൃത്തികൾ മഹനീയങ്ങളാകുന്നു. അവിടുത്തെ സ്നേഹിക്കുന്നവരെല്ലാം അവയെപ്പറ്റി ധ്യാനിക്കുന്നു.

അവിടുത്തെ പ്രവൃത്തികളെല്ലാം മഹത്വവും കീർത്തിയും നിറഞ്ഞവയാകുന്നു. അവിടുത്തെ നീതി എന്നും നിലനിൽക്കും.

തന്റെ അത്ഭുതകൃത്യങ്ങളുടെ ഓർമ്മ അവിടുന്ന് ശാശ്വതമാക്കി. (സങ്കീ. 111:1-4)

'മക്കളേ മുട്ടുകുത്തി കരുണയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മക്കളേ നിങ്ങളാൽ കഴിയും വിധം പരിഹാരവും പ്രായശ്ചിത്തവും ചെയ്ത് കരുണയ്ക്കായി യാചിക്കണം. എളിമയിലൂടെയും വിധേയത്വത്തിലൂടെയും മാത്രമേ കർത്താവിന്റെ പ്രഭാവം പ്രവർത്തിക്കൂ. **സ്നേഹത്തിന്റെ മഹാത്ഭുതം** ഭൂമിയിലെ മക്കൾക്ക് അനുഭവിക്കാൻ എന്റെ വിമലഹൃദയത്തിന്റെ വിജയം ഇനി എത്രയോ ആയിരങ്ങളിൽ പൂർത്തിയാക്കപ്പെടണം? ഞാൻ ആരാധനയുടെയും പരിഹാരപ്രവർത്തനങ്ങളുടെയും അമ്മയാകുന്നു'. എന്നരുൾച്ചെയ്ത അമ്മേ,

അമലയായ് ഉത്ഭവിച്ച പരമദിവ്യ കാരുണ്യത്തിന്റെ അമ്മയ്ക്കുള്ള ദിവ്യകാരുണ്യ വർഷത്തിന്റെ ജന്മദിനസമ്മാനമായി മക്കൾ സമർപ്പിക്കുന്നു, ദിവ്യകാരുണ്യത്തിന്റെ **സ്നേഹാത്ഭുതം.**

**2.** മുറിക്കുന്തോറും പൂർണ്ണമായ് മാറുന്ന പങ്കിന്റെ അത്ഭുതം എല്ലാവർക്കും മുഴുവൻ നൽകുന്ന പങ്കിന്റെ അത്ഭുതം നമ്മൾ മുറിക്കുന്തോറും കുറയുകയല്ലെ എന്നാൽ നാഥൻ മുറിച്ചതിലൂടെ പൂർണ്ണമായ് മാറി എല്ലാവർക്കും മുഴുവൻ ലഭിച്ചു എന്തൊരു സ്നേഹം

എന്തൊരത്ഭുതം
വായ് തുറന്ന നമ്മൾ ഹൃദയം തുറന്നാൽ
നമ്മൾ ഒരു ഹൃദയം നമുക്കൊരേഹൃദയം
കുർബ്ബാന സ്വീകരിച്ചാൽ
നമ്മൾ ഒരേ ആത്മാവാകും
നാഥനിൽ പങ്കുചേർന്നാൽ
നമ്മൾ ഒരേ ശരീരമാകും.

ഓരോരുത്തർക്കും മുഴുവൻ
ലഭിച്ചെന്നു വിശ്വസിക്കൂ
നമ്മൾ യേശുവിൽ ഒന്നായാൽ മാത്രം (2)



നമ്മിലീ അനുഭവം പൂർണ്ണമാകൂ
നമ്മിൽ പൂർണ്ണമാകൂ
എന്തൊരത്ഭുതം.....

അനുഗ്രഹത്തിൻ പാനപാത്രം
യേശുവിൽ ഭാഗഭാഗിത്വം
നാം മുറിക്കുന്ന അപ്പം
യേശുവിൽ ഭാഗഭാഗിത്വം
അപ്പം ഒന്നല്ലേ നമ്മൾ ഒന്നല്ലേ
നമ്മൾ ഒരേ ശരീരം
മറക്കരുതീ **സ്നേഹാത്ഭുതം**
മുറിക്കുന്തോറും... എന്തൊരത്ഭുതം.........

**3.** ചുമടെന്റെ ചുമലിൽ നാഥാ
നടക്കുന്ന ചുമടു താങ്ങി ഞാൻ
നാഥാ ചുമക്കാം ചുമടിന്റെ കൂലി
എന്നു ലഭിക്കും അതെന്തായിരിക്കും
അനുദിനം കുരിശുമായ് നിന്നെ
പിൻതുടരാത്തോർ ഞങ്ങൾ
യോഗ്യരല്ലേലും കൃപ നൽകിയാൽ
പിൻതുടരാം അനുദിനം കുരിശുമായ്
നിന്നെ അനുഗമിക്കാം
എന്നെ ആശ്വസിപ്പിക്കൂ



അദ്ധ്വാനിക്കുന്നവരും
ഭാരം വഹിക്കുവോരും
വരുവിൻ എന്നിൽ നിന്നു പഠിക്കൂ
വിശ്രാന്തി നേടും ഭാരം ലഘുവാകും

യേശുവിനായി സഹിക്കാൻ
യോഗ്യത നേടുവോർ ആരെല്ലാം
മോചനമായ് ഏറ്റവും വലിയ
സ്നേഹമായ് മാറിയ യേശുവിന്റെയും
എന്റേയും അമ്മയല്ലോ
പാപിയാം ഞാനുമൊപ്പം

ചുമടെന്റെ ചുമലിൽ വയ്ക്കാം
നടക്കാം ചുമടും താങ്ങി
അനുദിനം ചുമക്കും ചുമടിന്റെ കൂലി
നിത്യതയല്ലോ സ്വർഗ്ഗമല്ലോ.

**4.** ഓരോ മക്കളുടെയും ആത്മീയാവസ്ഥ ജീർണ്ണിക്കാൻ ആരംഭിക്കുന്നതിനുമുമ്പേ നിങ്ങളെ പുനർജ്ജീവിപ്പിക്കാൻ വേണ്ടി മന്ദതയുടെ ആത്മാവിനെ എടുത്തു മാറ്റുന്നതിനു വേണ്ടി അവിടുത്തെ കൃപയുടെ ആത്മാവിനെ അവിടുന്ന് വർഷിക്കുന്നു. എന്നാൽ ഈ കൃപ സ്വീകരിച്ച് അന്തർ നേത്രങ്ങൾ തുറന്ന് അവിടുത്തേക്കു വേണ്ടി ഹൃദയങ്ങളെ



അലങ്കരിക്കുവാൻ സ്നേഹം കൊണ്ട് അവിടുത്തെ ആശ്വസിപ്പിക്കാൻ ഇന്നാരുണ്ട്? ആത്മീയതയിൽ വളരുന്നവരെ നിരാശയിൽ ആഴ്ത്തി സ്വയം അഹങ്കരിച്ച് പൈശാചിക പ്രലോഭനങ്ങളിൽ വളരാനാണ് ഇന്ന് ഭൂരിഭാഗം മക്കളും ആഗ്രഹിക്കുന്നത്.
ഉണരുക മക്കളെ, പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാരം ഇവ അനുഷ്ഠിക്കുന്നതിൽ അതീവ തൽപരരാകുക.

**5.** ഉണർവിൻ താരാട്ടു ഗീതങ്ങളാൽ
അമ്മ ഉണരുമ്പോൾ ആത്മാവിന്നരികെ വന്നു
കരയരുതെ നീ ഉണരുമ്പോൾ
ഹൃദയത്തിൽ തഴുകി മൊഴിഞ്ഞു അമ്മ

അമ്മതൻ മാറിൽ മയങ്ങുന്ന
കുഞ്ഞിൻ ഹൃദയം എൻ ഹൃദയം
ശാന്തമായ് ഞാൻ ഉറങ്ങുന്നു
ഞാനെൻ ദൈവത്തിൻ കയ്യിലല്ലോ
ശാന്തമായ് ഞാൻ ഉണരുന്നു
ഞാനെൻ ദൈവത്തിൻ കൂടെയല്ലോ

പ്രാർത്ഥന പ്രായശ്ചിതം പരിഹാരം
അതു നമ്മുടെ രക്ഷാ മാർഗ്ഗം
വിശുദ്ധമായൊരു ജീവിതം
അതു നമ്മൾ തേടും ലക്ഷ്യം

ഞാൻ വളരുന്നു തളരാതെ
വചനമെന്നാത്മാവിൻ പോഷണം
നന്മ ചെയ്തു ഞാൻ മുന്നേറുന്നു
താതന്റെ അനുഗ്രഹം കൂടെയുണ്ട്.

**6.** വാത്സല്യമുള്ള മക്കളേ, പറുദീസയുടെ മഹിമപ്രതാപത്തിലേക്ക് എടുക്കപ്പെട്ട നിങ്ങളുടെ അമ്മയിലേക്ക് നിങ്ങളുടെ ദൃഷ്ടികൾ തിരിച്ചാലും. യേശുസ്നേഹം പൂർണ്ണമായും നിങ്ങളിൽ നിക്ഷേപിക്കുന്നതിനായി അക്ഷീണം പരിശ്രമിക്കുന്ന ഈ അമ്മയുടെ സ്വരം നിങ്ങൾക്ക് അരോചക മാകാതിരിക്കട്ടെ. മക്കളെ ഈ ലോകമാകുന്ന മരുഭൂമിയിൽ സഹനത്തിന്റെ വലിയ ഭാണ്ഡവുമായി മുറിവേറ്റും ക്ലേശങ്ങൾ സഹിച്ചും അടിച്ചമർത്തപ്പെട്ടും തീർത്ഥാടനം നടത്തുന്ന സഭയും, ഈ സഭാശരീരത്തിന്റെ ഓരോ അവയവങ്ങളായ നിങ്ങൾ ഓരോരുത്തരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ഇടവിടാതെ ജപമാല പ്രാർത്ഥന ഉരവിടുകയും ദിവ്യകാരുണ്യാധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്യുക. എന്തെന്നാൽ ഇത് സഹനത്തിന്റെ സമയാണ്. ലോകം പൂർണ്ണമായും നവീകരിക്കപ്പെടണം. ദ്വിതീയ പെന്തക്കോസ്തയ്ക്ക് സഭ തേജസ്വിനിയായി ഒരുങ്ങണം. എല്ലാ മക്കളും ഒരുങ്ങണം. അതിനായി മക്കളേ, പരിശുദ്ധാത്മാവിന്റെ പ്രിയ മണവാട്ടിയും നിങ്ങളുടെ



അമ്മയുമായ എന്നോടൊപ്പം പ്രാർത്ഥിക്കുക.

**7.** അമ്മേ നിന്നോടിത്രമാത്രം
നീരസമെന്തേ ജനത്തിന്
അമ്മയെ സ്നേഹിക്കുന്നതിനാൽ ലോകം
വെറുത്താലും നിന്നെ ഞാൻ സ്നേഹിച്ചിടും

അമ്മേ നിന്നെ തള്ളുവാനൊരിക്കലും
ഇടയാകില്ല നിശ്ചയം
എന്നും നിൻ മകനായിരിക്കാൻ കൊതിക്കുന്നു
സ്നേഹ മഹാത്ഭുത സാക്ഷിയായി

പെന്തക്കൂസ്താ നാളിൽ അമ്മേ
നീയല്ലെ കൂടെയിരുന്നു
പരിശുദ്ധാത്മാവിനായ് പ്രാർത്ഥിക്കാൻ
നീയെന്നും കൂടെ വേണം

ചരിത്രത്തിലാദ്യത്തെ സക്രാരിയായ്
വചനം മാംസമായ് നിന്നിൽ
കുർബ്ബാനയുടെ അമ്മയായി
നീയെന്നും കൂടെ വേണം.

**8.** ദേവാലയത്തിൽ ഒരു കുഞ്ഞുതുമ്പി
പ്രാർത്ഥിക്കുവാൻ വന്നൂ
ദൈവസ്നേഹം നുകരുവാൻ കൊതിച്ചൊരു



തുമ്പി പറന്നുവന്നു പാറിപ്പറന്നുവന്നു
തുമ്പി കുഞ്ഞുതുമ്പി
നമുക്കാരാധിക്കാം ഈശോയെ
ആദ്യത്തെ സക്രാരിയാം മാതാവുമൊപ്പം
ആരാധിക്കാമീശോയെ

ലോകം തീർത്ത മാറാലയിൽ തൂങ്ങി
അയ്യോ പിയടുന്നാ തുമ്പി
രക്ഷിക്കൂ അജപാലകാ ഇടയനായ് തോളിലേറ്റി
അല്ലെങ്കിൽ നശിക്കും തുമ്പി മരിക്കും

തുമ്പി കുഞ്ഞുതുമ്പി
ഈശോ രക്ഷിക്കും നമ്മളെ
സാത്താൻ തീർത്ത മാറാല
ഈശോ തുടച്ചു നീക്കും കുഞ്ഞു തുമ്പി

**9.** എന്റെ പ്രിയ മക്കൾ തെറ്റിദ്ധരിക്കപ്പെടുകയും നിന്ദിതരാകയും വളരെ സഹിക്കേണ്ടിവരികയും ചെയ്തു. ഈ അനുഭവങ്ങൾ സന്തോഷത്തോടെ എന്റെ മക്കൾ സ്വീകരിച്ചതിൽ ഞാൻ സന്തുഷ്ടയാണ്. യേശുവിൻ പരിമളമായി വിശുദ്ധിയുടെ പരിമളമായി ദുർഗന്ധം വമിപ്പിക്കുന്ന അശുദ്ധിയുടെ ബന്ധനത്തിൽനിന്നും മോചിതരായി ജീവിക്കുന്നതു കാണാൻ ഈ അമ്മ അഭിലഷിക്കുന്നു. വിനയത്തോടെ നമുക്കൊരുമിച്ച് ദാഹാർത്തരായി



ആ കവാടത്തിലേക്കു ചെന്ന് ആ നീരുറവയിൽ നിന്ന് പാനം ചെയ്ത് വിശുദ്ധീകൃതരാകാം.

ആയിരിക്കുന്നവനും ആകുന്നവനും വരാനിരിക്കുന്നവനും പ്രപഞ്ചത്തിന്റെ ഭരണകർത്താവുമായ യേശുവോടൊത്ത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു, എന്നരുളിച്ചെയ്ത അമ്മേ ചെളിയാകാൻ കൊതിക്കുന്ന കുഞ്ഞിനെ അനുഗ്രഹിച്ചാലും.

**10.** ചെളിയാകാൻ കൊതിക്കുന്ന കുഞ്ഞേ
ചെളിയാകാൻ ജീവജലം ഒഴുക്കാം
വചനത്തിൽ വിത്തു ഞാൻ വിതയ്ക്കാം
വിശുദ്ധിതൻ പരിമളം പരത്താം

എൻ കുഞ്ഞിൽ ജീവജലം ഒഴുകിയനേരം
ഓ പരിമളം ദിവ്യ സഹനപരിമളം
വചനത്തിൻ വിത്തുകൾ വിതറിയ നേരം
എൻ നുകം മധുരമായ് ഭാരം ലഘുവായ്

സഹനത്തിൻ ചെടിയിതാ ഫലമേകുമ്പോൾ
വചനം വിതറുവാൻ വിത്ത് ഏറെയായ്
ലോകമെങ്ങും മാടപ്രാവുകൾ പോലെ
പാറിപ്പറക്കാം വിത്തുവിതക്കാം.

**11.** മക്കളേ, ഒരിക്കൽപോലും ലോകത്തിനു നിങ്ങളെ കൊടുക്കരുത്. ഈ അമ്മയോടൊപ്പം ഉത്കടമായ പ്രാർത്ഥനയിൽ ത്യാഗമനഃസ്ഥിതിയോടെ ജീവിക്കുവിൻ. എന്റെ ഉണ്ണിക്കു പിറക്കുവാൻ ഒരു ഇടം നിങ്ങളുടെ ഹൃദയത്തിൽ നൽകുവിൻ. അവന്റെ ആദ്യത്തെ കരച്ചിൽ നിങ്ങൾ കേൾക്കുവിൻ. അവന്റെ ആദ്യത്തെ വിലാപത്തിന്റെ, സന്തോഷത്തിന്റെ, സ്നേഹത്തിന്റെ ശബ്ദം, ത്യാഗത്തിന്റെ ശബ്ദം നിങ്ങൾ ശ്രവിക്കുവിൻ. നിങ്ങളെത്തന്നെ ഒരുക്കുവിൻ. അവന്റെ ഇളംമേനിക്ക് ഈ ലോകത്തിന്റെ ചൂടു നൽകാതെ വിശുദ്ധിയുടെ ഊഷ്മളത നൽകുവിൻ. നിങ്ങളുടെ ഹൃദയമാകുന്ന താരാട്ടുതൊട്ടിയിൽ അവനെ ഞാനിതാ കിടത്തുന്നു. നിങ്ങളുടെ ദിവ്യകാരുണ്യഅമ്മ ഉണ്ണിയോടൊപ്പം നിങ്ങളെ ആശീർവ്വദിക്കുന്നു. എന്ന് അരുൾച്ചെയ്ത അമ്മേ കുഞ്ഞിക്കാൽ കാണുവാൻ ഭാഗ്യമില്ലാതെ നോവുന്ന മനസ്സിനേയും അമ്മയില്ലാതെ നോവുന്ന കുഞ്ഞിനെയും ആശീർവ്വദിച്ചാലും.

**12.** ഉണ്ണിയീശോ പൊന്നുണ്ണിയീശോ
കുഞ്ഞിക്കാൽ കാണുവാൻ കൊതിച്ചിടുന്നു
ഉണ്ണിയീശോ ഉണ്ണിയീശോ
തഴുകിത്തലോടുവാൻ കുഞ്ഞിനെ താ
ഉണ്ണിയീശോ ഉണ്ണിയീശോ.
ഏറെ നാളായ് ഞാൻ കേണിടുന്നു



തിരുക്കുടുംബത്തിൻ ഓർമ്മയെന്നിൽ
തെളിഞ്ഞു തെളിഞ്ഞു തിളങ്ങിടുമ്പോൾ
ഉണ്ണിയെ താരാട്ടു പാടിയ മാതാവിൻ
സാന്ത്വനമേറെ ഞാൻ കൊതിച്ചിടുന്നു.

കുഞ്ഞിക്കാൽ കാണുവാൻ ഭാഗ്യമില്ലാതെ
നോവുന്ന മനസ്സിനു സാന്ത്വനമായി
അമ്മയില്ലാതെ നോവുന്ന കുഞ്ഞിനു
മാതൃത്വമേകുവാൻ കൃപയേകണേ.

**13.** മക്കളേ, എന്റെ മുഖത്തെ മ്ലാനതപ്പെടുത്തുന്നത് ഈ ലോകമാണ്. എന്റെ ഹൃദയത്തെ മുറിപ്പെടുത്തുന്നത് ലോകമക്കളുടെ ജീവിതമാണ്. മക്കളെ - വിശ്രമമെന്തെന്നറിയാത്ത തീർത്ഥാടകരാണ് ഈ ലോകത്തിലെ മക്കൾ. അതിനാൽ മരണം കെടുത്തിക്കളയുന്ന നാൾവരെ എപ്പോഴും ഉണർവ്വുള്ളവരായി, അരമുറുക്കി നിങ്ങളുടെ ജീവിതമാകുന്ന വിളക്കുതെളിച്ച് കാത്തിരിക്കാൻ ഞാൻ എത്രതവണ ആവർത്തിച്ചിട്ടും ആരും അത് ചെവിക്കൊള്ളുന്നില്ല. പ്രലോഭനങ്ങളാൽ ആക്രമിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കുവിൻ. എന്തെന്നാൽ ശരീരത്തിന്റെ മരണത്തെക്കാൾ ആത്മാവിന് മരണം സംഭവിക്കാൻ എളുപ്പമുണ്ട്. ആത്മം നഷ്ടമായാൽ ശരീരം കൊണ്ട് എന്ത് പ്രയോജനം? ചീഞ്ഞളിഞ്ഞ ആത്മാവിനെ ചുമന്നു ജീവിച്ചിട്ട്



എന്തുഫലം? കരയാതെ തെല്ലും ശബ്ദമില്ലാതെ അദൃശനായി മരിക്കുന്ന ആത്മാവിനെ പാപമാകുന്ന പുഴുക്കളരിക്കുന്നതറിയുമ്പോൾ വിഭ്രാന്തരായി ഓടിയിട്ടെന്തു പ്രയോജനം? എന്നരുൾച്ചെയ്ത അമ്മേ, ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടപേക്ഷിക്കണമേ

ആമ്മേൻ

**14.** കദനഭാരം തിങ്ങും ഓർമ്മയാൽ മനസ്സു നീറുമ്പോൾ
സ്നേഹിതർ മരിച്ച ഓർമ്മയാൽ മനസ്സുരുകുമ്പോൾ
യേശുനാഥൻ അരികെ വന്നെൻ കഥകൾ കേൾക്കില്ലെ
ആശ്വാസമേകി എന്റെ കണ്ണീർ ഒപ്പില്ലെ

മരണം അകലം അകറ്റി സ്വർഗ്ഗം അരികെയെത്തിക്കും
ഞാനും നീയും ഈശോയിൽ ഒന്നായിടും
ജീവിതം യേശുവായാൽ മരണം ലാഭകരം
സ്വർഗ്ഗം പൂകാൻ വേണ്ടതെല്ലാം സമ്പാദിക്കാം

ജനിക്കുമ്പോൾ ശൂന്യരായ് വന്നീടുന്നു നാം
മരിക്കുമ്പോൾ ശൂന്യത തീർത്തു പോകാതെ
യേശുവിനോടെന്നായ് ജീവിച്ചീടിൽ
നിത്യതയുടെ സമ്മാനമായ് മാറീടും നാം

**15.** പിതാവെ താളം തെറ്റിയ ഞങ്ങളുടെ ജീവിതത്തിൽ നിന്നും അവിടുത്തെ കരം നീട്ടി ഞങ്ങളെ ഉയർത്താൻ



കരുണയുണ്ടാകണമെ. ഞങ്ങളുടെ രക്ഷകനായ ദൈവമേ ഞങ്ങളെ വഴിതെറ്റിക്കുന്നവനും കാർന്ന് തിന്നാൻ കാത്തിരിക്കുന്നവുമായ ഘോരസർപ്പത്തിൽനിന്നും തിരുരക്തസംരക്ഷണം നല്കി ഞങ്ങളെ രക്ഷിക്കണെ. അവിടുത്തെ ഉടമ്പടി പേടകത്തിന്റെ മഹത്വം ദർശിക്കാൻ ഞങ്ങൾ ദാഹിക്കുന്നു. യോഗ്യതയേകണെ. ദൈവരൂപിയാൽ നിറയ്ക്കണെ. ആമ്മേൻ

**16.** മനസ്സിന്റെ താളം ഈലോകതാളത്തിൽ
ലയിക്കുമോ ഹേ മർത്യാ
കൃപതൻ താളം കരുണതൻ രാഗം
ദിവ്യകാരുണ്യത്തിൻ ഈണമേകും
നിൻ മനസ്സിൻ മുറിവുണക്കും

തിരുരക്തം പാപത്തിൽ നിന്നുമെന്നും
നിന്നെ ശുദ്ധീകരിക്കും
തിരുശരീരം മോചനമാകും
നിത്യശാന്തിയേകും

സ്വർഗ്ഗീയ വിരുന്നിതാ ഒരുക്കി നാഥൻ
നൃത്തവും ഗീതവും ഒഴുകുന്നിതാ
സർവ്വം മറന്നു നാഥന്റെ ഹൃദയത്തിൽ
വിശ്രാന്തി പൂകിയല്ലോ

**17.** പുണരാം വാരി പുണരാം
ദിവ്യകാരുണ്യാനുഭവങ്ങൾ
ചൊല്ലാം ഏറ്റു ചൊല്ലാം
എൻ കർത്താവേ എൻ ദൈവമേ
കൈയിലെ മുറിവുകൾ നോക്കിപ്പാടാം
എൻ കർത്താവേ എൻ ദൈവമേ
കാലിലെ മുറിവുകൾ ചുംബിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
തിരുവിലാവിൽ നോക്കിപ്പാടാം
എൻ കർത്താവേ എൻ ദൈവമേ
അവസാനത്തുള്ളിക്കും സ്നേഹം പകരാം
എൻ കർത്താവേ എൻ ദൈവമേ

വചനത്താൽ ഹൃദയം ജ്വലിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
അപ്പം മുറിക്കുമ്പോൾ ഏറ്റു പാടാം
എൻ കർത്താവേ എൻ ദൈവമേ
വിശ്വാസ നേത്രങ്ങൾ തുറന്നു പാടാം
എൻ കർത്താവേ എൻ ദൈവമേ
രക്തസാക്ഷികളാകാം പാടാം
എൻ കർത്താവേ എൻ ദൈവമേ



സ്നേഹത്താൽ ഹൃദയം ജ്വലിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
സാഹോദര്യത്തിൽ നിറഞ്ഞു പാടാം
എൻ കർത്താവേ എൻ ദൈവമേ
ശാന്തിഗീതമേറ്റു പാടാം
എൻ കർത്താവേ എൻ ദൈവമേ
ജീവകാരുണ്യമായ് പാടാം
എൻ കർത്താവേ എൻ ദൈവമേ



# സ്നേഹസമുദ്രം

**18. എനിക്കായ്**

**19. ഞങ്ങൾ**

**20. അമ്മതൻ**

**21. കണ്ണുനീരിനും**

**22. എത്ര നല്ല**

**23. വിരിച്ചിട്ട**

**24. ഈ ലോക**

**25. കരകാണാകടൽ**

**26. എന്നാണു**

**27. പുതിയൊരു**

ആദിമുതൽ ഉണ്ടായിരുന്നതും, ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെടുത്തപ്പെട്ടു ഞങ്ങൾ അതു കണ്ടു. (1 യയോഹ 1:1)



കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവു നമ്മോടു കാണിച്ചത്. (1 യോഹ 3:1)

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. (യോഹ 1:14)

നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹായുടെ സ്നേഹത്തിന്റെ മുമ്പിൽ നന്ദിയുടെ ബലിയർപ്പിക്കാം.

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പത്തെ നമുക്കാരാധിക്കാം.

**18.**
എനിക്കായ് ക്രൂശിതനായവനെ
എനിക്കായ് കുരിശിൽ മരിച്ചവനെ
എനിക്കായ് മുറിവേറ്റ നാഥനെ
ഇന്നും ഓസ്തിയിൽ മുറിയുന്നോനെ

നന്ദി ആരാധന
പരിശുദ്ധനെ നന്ദി
നന്ദി സ്നേഹമോടെ ഓ
സ്നേഹമേ നന്ദി, നന്ദി

ഇന്നും ഇന്നലെയും എന്നും എന്നേക്കും
സ്നേഹം മാത്രം ബലിവേദിയിൽ
ഒരു നിമിഷം ആയിരം സംവത്സരത്തിൻ
അനുഗ്രഹം നൽകുന്നോനെ ബലിവേദിയിൽ

എനിക്കായ് തൊഴുത്തിൽ ജനിച്ചവനെ
എനിക്കായ് ഉയിർത്തെഴുന്നേറ്റവനെ
സ്വർഗ്ഗീയ സ്നേഹമാം അൾത്താരയിൽ
ഇന്നും എനിക്കായ് കേഴുന്നോനെ

അനാദി മുതൽ നിൻ കൈവെള്ളയിൽ
എൻ നാമമെഴുതിയ താതനെ
എനിക്കായ് ക്രൂശിൽ കൈവെള്ളയിൽ
ആണികളേറ്റവനെ ഈ ഭൂമിയിൽ

**19.**

ഞങ്ങൾ ചെറുമണി ഗോതമ്പുകൾ
കൊതിച്ചിന്നു നിങ്ങൾക്കു ഭക്ഷണമാകാൻ
സ്വൽപ്പം കാത്തിരുന്നാൽ നാളെ
ആത്മാവിനും നിശ്ചയമായ്
ബലിവേദിയിൽ അപ്പമാകാം

ഇന്നു വെറും ദേഹത്തിനു ഭക്ഷണമായാൽ
മണ്ണടിയും ദേഹത്തിന് എന്തു ഫലം



നാളെ ബലിവേദിയിൽ അപ്പമായാൽ
ആത്മാവിനും നിത്യജീവൻ നൽകിടുമപ്പം

യേശുവിൻ ബലിവേദിയിൽ സ്നേഹമായാൽ
ജീവിതം ഏവർക്കും നിത്യസമ്മാനം
ആ വഴി തേടാതെ സ്നേഹമാകാതെ
നാം നൽകുകിലവയെല്ലാം നാശമാകും

നിങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ അഹങ്കാരത്തെച്ചൊല്ലി രഹസ്യത്തിൽ എന്റെ ആത്മാവ് കരയും. കർത്താവിന്റെ അജഗണത്തെ അടിമത്തത്തിലേക്കു കൊണ്ടു പോകയാൽ ഞാൻ ഉള്ളുരുകി കരയും. (ജെറ. 13:17)

നീ അവരോടു പറയണം.എന്റെ കണ്ണുകളിൽ നിന്ന് രാപകൽ കണ്ണീരൊഴുകട്ടെ. എന്തെന്നാൽ എന്റെ ജനത്തിന് മാരകമായ മുറിവേറ്റിരിക്കുന്നു. (ജെറ. 14:17)

**20.** അമ്മതൻ തിരുമുഖം
കാണുമോ മകനെ
നാഥന്റെ രഹസ്യമാം
രോദനം കേൾക്കുമോ?

ശാന്തിറാണിയാണമ്മ
യുദ്ധവും കലഹങ്ങളും



നിറയുന്നു മനസ്സിൻ ബന്ധനത്താൽ
എൻ മുഖം കാണുമോ മകനെ?

യേശുവെ നിൻമുഖം
കാണട്ടെ ആദ്യം ഞാൻ
ആ മുഖമെന്നിൽ
പതിയട്ടെ നാഥാ

യേശുവെ നിൻമുഖം
കാണട്ടെ ഞാനിന്ന്
താതന്റെ മുഖമതിൽ
ദർശിച്ചീടട്ടെ.

യേശുവിൻ തിരുരക്തത്തുള്ളിയിൽ
മാതാവിൻ മുഖം കണ്ടിടാം
ഓരോ തുള്ളിയിലും ചേരട്ടെ നാഥാ
എൻ രക്തത്തുള്ളികളും

അനുദിനം അനുദിനം
അനുസരിച്ചീടാം
നമുക്കൊരു ഹൃദയം
മതിയല്ലോ നാഥാ

രാത്രിയെൻ ഹൃദയം തേങ്ങലിൽ
സ്നേഹിത്തിൻ നിണം ചിന്തിടാം



മാരകമായ് മുറിവേറ്റതാം
മക്കൾക്കു സൗഖ്യമാകാം

മക്കളെ ക്രിസ്തീയ പീഡനത്തിന്റെ ഭാഗമെന്നോണം എന്റെ വത്സലമക്കൾ അനുഭവിക്കുന്ന പീഡകൾ എത്രയാണ്.

വൈദീകപട്ടം സ്വീകരിച്ചു മറുനാടുകളിൽ സേവനം ചെയ്യുന്ന മക്കളും സന്യസ്തരും നിഷ്ക്കരുണം പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. അവരുടെ സഹനത്തിനും നിലവിളിക്കും നേരെ മനസ്സുതുറക്കാൻ മനുഷ്യനിലൂടെ പ്രവർത്തിക്കുന്ന സാത്താന് കഴിയുന്നില്ല.

മക്കളെ പ്രാർത്ഥനക്കായ് നിങ്ങൾക്കു ലഭ്യമാകുന്ന അവസരങ്ങളെ ഒരിക്കലും നഷ്ടപ്പെടുത്തരുത്. എന്റെ ഹൃദയ ദേവാലയത്തിൽ ഈ ലോകത്ത് ജീവിക്കുന്ന മക്കളുടെ ശരീരം അസംഖ്യം പരീക്ഷണങ്ങളാൽ അഗ്നിയിലെന്ന പോലെ ശുദ്ധീകരിക്കപ്പെടും.

പരിത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ബലിയായിരിക്കട്ടെ നിങ്ങളുടെ ജീവിതം. സഹനത്തിൽനിന്ന് ഒഴിഞ്ഞു മാറരുത്.

നിശബ്ദതയിൽ സഹിച്ച് പൗരോഹിത്യ ജീവിതത്തിന്റെ പവിത്രതയിൽ ജീവിതം ബലിയായി സമർപ്പിച്ചു ജീവിക്കുന്ന എന്റെ വൈദീകരായ മക്കളെയോർത്ത് ഞാൻ ആശ്വസിക്കുന്നു.

**21.** കണ്ണുനീരിനും മധുരം
എന്റെ മാതാവുപൊഴിച്ചൊരു കണ്ണീർത്തുള്ളി
എനിക്കായ് ആദിമുതലേ
ഹൃദയത്തിൽ സൂക്ഷിച്ച ദിവ്യബാഷ്പം

ആ കണ്ണുനീർത്തുള്ളിതൻ തിരുമധുരം
നുകരാനെൻ ഹൃദയം കൊതിച്ചു
അനുതാപ ബാഷ്പം തൂകാൻ
ആ ഹൃത്തിനു മാധുര്യമേകാൻ

അമ്മിഞ്ഞപ്പാലിന്റെ മധുരം
നുകർന്നയെൻ നാവിൽ കറകണ്ടു
ദിവ്യസ്നേഹം നുകർന്നോരെൻ ഹൃത്തിൽ
പാപത്തിൻ ഗർജ്ജനം കേട്ടു

എന്നിലെ പാപത്തിൻ കറകൾ
കഴുകുവാൻ മതിയാകും ദൈവസ്നേഹം
അമ്മപൊഴിഞ്ഞ ദിവ്യ ബാഷ്പത്തിൽ
രക്ഷിക്കാൻ വിതുമ്പും ദൈവസ്നേഹം



**22.** എത്ര നല്ല സ്നേഹിതൻ സ്നേഹിതൻ
എന്റെ നല്ല രക്ഷകൻ ഈശോ
എനിക്കായ് പുൽക്കൂട്ടിൽ പിറന്നവൻ
എനിക്കായ് ശിശുവായ ദൈവം

ആധിപത്യം അവന്റെ ചുമലിൽ
വിസ്മനീയൻ ഗുരുനാഥൻ
ശക്തനായ ദൈവമല്ലോ
ശാന്തിതൻ രാജനല്ലോ

രാജാധിരാജനേശു രാജൻ
സർവ്വലോകങ്ങൾക്കും രാജൻ
ആ രാജ്യം ഐഹീകമല്ലല്ലോ
ഹൃദയങ്ങൾ സ്വർഗ്ഗമാക്കും രാജ്യം

ഉന്നതമാം നിത്യ ശാന്തി
അനന്തമെൻ ഹൃദയത്തിൽ
ആ ശാന്തി വേറെയാരും നൽകില്ല
ആ ശാന്തിയാരും തകർക്കില്ല

എത്ര നല്ല സ്നേഹമെൻ സ്നേഹിതന്റെ
ഏറ്റം വലിയ സ്നേഹമാണതല്ലോ
എനിക്കായ് കുരിശിൽ മരിച്ചവൻ
അതിലേറെ സ്നേഹമെവിടെ



**23.** വിരിച്ചിട്ട ഹൃദയം
വിശാലമാം ഹൃദയം
വിരിപ്പുകളില്ലാതെ
വിതറുന്ന സ്നേഹം
നാനാ ദിക്കുകളും ആ ഹൃദയം
സ്നേഹം പരത്തീടും
നാനാ ഭാഷകളും ഒരു
ഹൃദയത്തിൻ ഭാഷയാകും

മാലാഖ വൃന്ദങ്ങൾ വീണകൾ
ഹൃദയത്തിൽ മീട്ടുമ്പോൾ
താരാട്ടു ഗീതങ്ങളാൽ
അനുഗ്രഹം തന്നീടും

കുഞ്ഞുമക്കളെ,

നിങ്ങളുടെ ജീവിതത്തിനുള്ള ഉത്തരം തിരുവചനങ്ങളിൽ (ബൈബിളിൽ) വേരൂന്നിയിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്ന യന്ത്രം സുവിശേഷമാകണം. ജീവനും രക്ഷയും നിറഞ്ഞ പരിശുദ്ധ നിയമസമാഹാരം. സ്നേഹമാണതിന്റെ ഭാഷ അതിൽ എഴുതാത്തതായി ഒന്നുമില്ല.



**പ്രാർത്ഥന-**

അമ്മേ, വചനം എന്റെ പാദങ്ങൾക്കു വിളക്കാകട്ടെ. വഴികളിൽ പ്രകാശവും.

**24.** ഈ ലോകജീവിതത്തിനുത്തരമേ വചനമേ
ജീവിതം നിയന്ത്രിക്കും യന്ത്രം സുവിശേഷമേ
സ്നേഹത്തിൻ ഭാഷയേ ജീവനും രക്ഷയും
നിന്നിൽ നിറഞ്ഞുവല്ലോ ഭാഗ്യം

ആദിയിൽ ആ വചനം ഉണ്ടായിരുന്നു
ആ വചനം സ്നേഹമാം ദൈവമായിരുന്നു
കന്യകയിൽ രൂപമായ് പുൽക്കൂട്ടിൽ ശാന്തിയായ്
ഈ ലോകപാതയിൽ വെളിച്ചമാം യേശുവായ്

സുവിശേഷയന്ത്രത്തിൽ വാർത്ത സ്നേഹമേശയിൽ
വചനം മാംസമായ് ജീവനുള്ള സ്നേഹമായ്
സ്നേഹം മുഴുവനും ഒഴുകിയൊഴുകി നീങ്ങിടും
സ്വർഗ്ഗീയ യാത്രയിൽ നിരനിരയായൊന്നായിടും

**25.** കരകാണാ കടലിൻ തിരമാലയിലമ്മ
ഹൃദയം വിരിച്ചിട്ടു കരയാക്കിയല്ലോ
ഹൃദയക്കടലിൽ യാത്രയാകാനെന്റെ
അമ്മ വിളിച്ചെന്നെ തേരിലേറ്റി

യേശുവിൻ ഹൃദയത്തിൻ തേരിലേറ്റി.
സ്വർഗ്ഗത്തിൽ നിന്നിറങ്ങും
സ്വർഗ്ഗീയ ജീവന്റെ അപ്പം
അകലെയല്ല അരികിൽ നാവിലാകാൻ
സ്നേഹത്തിൻ തീരത്തണഞ്ഞു ഞങ്ങൾ

തേനും പാലും ഒഴുകുന്ന നാട്ടിൽ
ഓർമ്മകൾ ഓരങ്ങളായ്
തീരത്തണഞ്ഞു സ്നേഹം പകർന്നു
പാറയെ തലോടി ഞങ്ങൾ
പാറകൾ അരുവിയായി

കടലിന്നു കരയായിടും
പാറകൾ അരുവിയാകും
കഠിന ഹൃദയങ്ങൾ പോലും
സ്നേഹത്തിൽ മൃദുവായിടും

കടലൊരു ഹൃദയമായ് മാറിയെങ്കിൽ
തിരകളെൻ തേങ്ങലിലലിയുമെങ്കിൽ
ഭയമില്ലാതക്കരെ യാത്രയാകും ഞാൻ
അമ്മയോടു ചേർന്നേശുവിൽ
യാത്ര ഞാൻ ചോദിക്കുന്നു



യാത്ര തീർത്ഥയാത്ര
ജീവന്റെ അപ്പം ഭുജിച്ച്
ദു:ഷ്ക്കരമാം ഈ ലോകവീഥിയിൽ
ശക്തിയോടെ സ്നേഹമോടെ യാത്ര

നരകത്തിലെ നക്ഷത്രം എന്റെ നക്ഷത്രങ്ങളുടെ മുദ്രയെ നശിപ്പിക്കാൻ ഓടിനടക്കുമ്പോൾ മക്കളെ അന്ധകാരത്തിലാണ്ടു പോയി നിങ്ങൾ വിശ്രമിക്കരുത്.

തെറ്റായ മൂല്യങ്ങൾ പകർന്നുവാങ്ങി കുതിരയേക്കാൾ വേഗത്തിൽ പായുന്ന യുവജനങ്ങളെ സുബോധമുള്ളവരാകുക.

കണ്ണുനീരോടെ മനംനൊന്ത് ഈ അമ്മ പറയുന്നു,

ലോകമക്കളെ നിങ്ങൾ വിശുദ്ധിയിൽ ജീവിക്കുക, മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ കർത്താവിങ്കലേക്കു മടങ്ങുക.

ക്രിസ്തുവിന്റെ കുരിശ് പരിശുദ്ധാത്മശക്തിയാൽ എല്ലാ ഹൃദയങ്ങളിലും നട്ടുവളർത്താൻ ഈ അമ്മയെ അനുവദിക്കുക.



പ്രാർത്ഥന:

കുരിശുമരണം വരെ അനുസരിച്ച ഈശോ, അങ്ങേ അരയോടു ചേർത്തെടുത്ത് അരക്കച്ചപോലെ ചേർത്തിരുത്തി അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമെന്നെന്നെ പഠിപ്പിക്കണമെ.

**26.** എന്നാണു നീ ശുദ്ധിയാവുക
അതുവരെ ഞാൻ കരയും
നിന്നെ കഴുകുവോളം എന്റെ കണ്ണുകൾ
ധാരധാരയായ് രക്തക്കണ്ണീരൊഴുക്കും

അനുസരണത്തോടെ അരക്കച്ചയിൽ
എന്നോടു ചേർന്നിരിക്കൂ
എളിയിൽ വച്ചു ഞാൻ താലോലിക്കാം
എൻഹിതമെന്നും ഓതിടാം ഞാൻ

അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമത്രേ
കുരിശോളം അനുസരിച്ചു ഞാൻ
കർത്താവിൻ ദാസിയിതാ എന്നോതി
അമ്മയോടു ചേരു കഴുകിടാം ഞാൻ

**27.** പുതിയൊരു പെന്തക്കുസ്താ
പൂത്തിരി കത്തിക്കും ഹൃദയം
പുതുവയൽ പുഷ്പിക്കും വചനം



പുതുപുത്തൻ ഫലമേകും
പുത്തൻ ഭാഷകളാൽ ഹൃദയം
പൂരിതമായല്ലോ
പുത്തൻ കതിരുകളാൽ
ഹൃദയ വയലുകൾ തരളിതമായ്

പുത്തൻ പാനകളാൽ നാവുകൾ
ഗീതികൾ മീട്ടീടും
പുത്തൻ ഈണങ്ങൾ
അൾത്താരയിൽ മീട്ടീടും

പുത്തൻ താളലയങ്ങൾ ഓസ്തിയിൽ
വീണ്ടും ചേർക്കുകയായ്
പുത്തൻ ചൈതന്യം വചനം
റൊട്ടിയിൽ മീട്ടുകയായ്

കുരിശിൻ അടയാളം കാൺമൂ
പൂവായ് വിരിയുകയായ്
അൾത്താരയിൻ ഹൃദയത്തിൽ
ചുണ്ടുകൾ ചുംബനമേകുകയായ്

# സ്നേഹസുമം

**28. യേശുവേ**
**29. നിന്നാലയത്തിൽ**
**30. ഗോതമ്പു**
**31. സ്നേഹത്തിൻ**
**32. എൻഹൃദയം**
**33. കുരിശിൽ**
**34. ഉറ്റവർ**
**35. എൻഹൃദയം (Male voice)**
**36. സഹനസുമങ്ങൾ**
**37. സ്തുതിക്കാം**

28. യേശുവേ തിരുവോസ്തിയിൽ
ജീവന്റെ അപ്പമിതിൽ
നീയെന്നെ കാണുന്നുവോ
നീയെന്നെ സ്നേഹിക്കുന്നോ

മക്കളെ തിരുവോസ്തിയിൽ
ജീവന്റെ അപ്പമിതിൽ
നിങ്ങളെ ഞാൻ കാണുന്നു
ഞാൻ സദാ സ്നേഹിക്കുന്നു

ഓ അമ്മേ തിരുവോസ്തിയിൽ
ഈ അരുളിക്കായിൽ



ത്രിയേക ദൈവത്തോടൊപ്പം
നീയെന്നെ കാണുന്നുവോ

ഓ അമ്മേ തിരുവോസ്തിയിൽ
ഈ അരുളിക്കായിൽ
ത്രിയേക ദൈവത്തോടൊപ്പം
നീയെന്നെ സ്നേഹിക്കുന്നോ

മക്കളെ അരുളിക്കായിൽ
വിമല ഹൃദയമിതിൽ
ഹൃദയമാം തിരുവോസ്തിയിൽ
നിങ്ങളെ ഞാൻ കാണുന്നു

മക്കളെ അരുളിക്കായിൽ
വിമല ഹൃദയമിതിൽ
ത്രിയേക ദൈവത്തോടൊപ്പം
സ്നേഹിക്കുന്നോസ്തിയിൽ ഞാനും

29. നിന്നാലയത്തിൽ പറന്നെത്തും
കരടായ് മാറിയെങ്കിൽ മാറിയെങ്കിൽ
തൂപ്പുകാർ പോലും കാണാത്തിടത്തു ഞാൻ
ഒളിച്ചിരുന്നേനെ ആരും ശല്യം ചെയ്യാതെ
ആരെയും ശല്യം ചെയ്യാതെ

ദിവ്യകാരുണ്യത്തിൽ നീയെന്നും
വാഴുന്നെന്നന്ധമായ് വിശ്വസിച്ച്



നിന്നെ കാണുവാൻ തിരുവുള്ളമാവോളം
കാത്തിരുന്നീടാം
ലോകമോഹമില്ലാതെ

വാഴ്ത്തിയ ഓസ്തിതൻ തരിയിലാ കരട്
ചേർന്ന് ചേർന്നിരുന്ന്
തിരുരക്തത്തിൽ കുളിച്ചാകരടു
മുത്തായീടുകിൽ സക്രാരി അലങ്കരിച്ചീടാം
സക്രാരി അലങ്കരിച്ചീടാം

30. ഗോതമ്പുതണ്ടുകൾ കാറ്റിൽ ചാഞ്ചാടവെ
നാഥൻ തലോടി നടന്നുനീങ്ങി
ആർത്തുവളരും ഗോതമ്പോലകൾ
കൈകളിലുരഞ്ഞു പോറലേകി

പുഞ്ചിരി തൂകിയാ ഗോതമ്പുതണ്ടിനെ
ആശീർവ്വദിച്ചു ചൊല്ലി വേഗം
അന്ത്യത്താഴത്തിൽ സീയോൺ ശാലയിൽ
അപ്പമായി പങ്കിടാൻ വന്നിടേണം

ആർത്തുവളരും പാഴ്മുളം തണ്ടിന്മേൽ
തീരത്തുവന്നേശു ചാരിനിൽക്കേ
തണ്ടിൽനിറയും നാരുകൾ നാഥന്റെ
പൊൻമേനിയിൽ കേറിനീറിനിന്നു



പാഴ്മൂളം തണ്ടിനെ തഴുകിയോതി
കാൽവരി കയറി നീ വന്നിടേണം
ക്രൂശിൽ കയറി ഞാൻ ബലിയർപ്പിക്കുമ്പോൾ
സ്നേഹഗാനം ഊതും തണ്ടാകണം

31. സ്നേഹത്തിൻ രുചി പകരൂ
അമ്മേ ദൈവസ്നേഹത്തിൻ രുചി പകരൂ
കൈവിട്ടുപോയതാം ദൈവസ്നേഹത്തിൻ
രുചി പകരൂ അമ്മേ രുചി പകരൂ

ഉപ്പുറകെട്ടുപോയാൽ
എങ്ങനെ ഉറകൂട്ടും
വിലച്ചെറിഞ്ഞെങ്ങും കളയരുതെ
ജീവിതം സ്നേഹത്താൽ ഉറകൂട്ടീടുവാൻ
രുചി പകരൂ അമ്മേ
സ്നേഹത്തിൻ രുചി പകരൂ

ഇതെൻ ശരീരം ഇതെൻ രക്തം
വാങ്ങി ഭുജിക്കൂ പാനം ചെയ്യൂ
എന്നേശു എന്നും
അൾത്താരയിലോതുമ്പോൾ
രുചി പകരൂ അമ്മേ
സ്നേഹത്തിൻ രുചി പകരൂ

**32.** എൻഹൃദയം നിൻഹൃദയം പോലെയാക്കണെ
എൻഹൃദയം നിൻഹൃദയം പോലെയാക്കണെ
എൻഹൃദയം നിൻഹൃദയം പോലെയാക്കണെ നാഥാ
എൻഹൃദയം നിൻഹൃദയം പോലെയാക്കണെ

വിമലഹൃദയം അലിഞ്ഞുചേരും
അരുളിക്കായിൽ
വസിക്കുന്ന
പരമദിവ്യ കാരുണ്യമേ

സ്നേഹത്തിൻ സാഗരമാം
വിമലഹൃദയത്തിൽ
ഒഴുകുന്ന പേടകത്തിലെ
ദിവ്യകാരുണ്യമേ

**33.** കുരിശിലള്ളി പിടിച്ചു ഈശോ നീ
കാൽവരി കയറുമ്പോൾ
തിരുഹൃദയവും വിമലഹൃദയവും ഒപ്പം ബലിപാതയിൽ
നിങ്ങളുടെ ഹൃദയത്തിൽ അള്ളിപ്പിടിച്ചു ഞാനും
ക്രൂശിതനാകാൻ കൊതിച്ചു ചേരുമാബലിപാതയിൽ

ക്രൂശിൻ പാതയിൽ നിന്നെതാങ്ങുവാൻ
യോഗ്യതയില്ലേലും
ക്രൂശിൻ പാതയിൽ ഒരു മണൽതരിയായ്
തീരുവാൻ ഭാഗ്യം നൽകൂ



മുറിവുനിറഞ്ഞു രക്തം വാർന്നു നിൻ
പാദം വിറക്കുമ്പോൾ
ആ പാദത്തെ താങ്ങും പാതയാകാൻ
എന്നെ പൊടിയാക്കൂ

അമ്മേ നിൻ പുത്രനോടു ചേർന്നു
കാൽവരി കയറീടുവാൻ
കൊതിക്കുമ്പോൾ സാത്താനെന്നെ
തടഞ്ഞീടാതെ
യേശുവിനൊപ്പം ക്രുശിതനായ
നല്ല കള്ളന്റെ
രൂപമെങ്കിലും നൽകൂ സ്വർഗ്ഗ
വാഗ്ദാനം വാങ്ങാൻ

**34.** ഉറ്റവർ പോലും തെറ്റിദ്ധരിക്കുന്നു
നിനക്കെന്തുപറ്റിയെന്ന ചോദ്യവുമായ്
ലോകം മുഴുവൻ തെറ്റിദ്ധരിച്ചാലും
യേശുവിൻ ഹൃദയത്തിലഭയം ഞാൻ തേടും
കുരിശുമതി ഈശോയെ
സഹനം മതി മാതാവേ

ദേവാലയങ്ങൾ കയറിയിറങ്ങി
ഈശോ നാമം ഏറ്റേറ്റു ചൊല്ലി
പ്രലോഭകർ ചുറ്റും വാപിളർന്ന്



എങ്ങും ചതിക്കുഴി തീർത്തിടുമ്പോൾ
കുരിശുമതി ഈശോയെ
സഹനം മതി മാതാവേ

കുരിശിലേക്കെന്നെ എടുക്കുന്ന ഈശോ
എൻസ്ഥാനമേകൂ വേണ്ടവർക്കായ്
സഹനം മാത്രം മതിയെനിക്ക്
അതിൻ ഫലമേകൂ ശത്രുക്കൾക്കായ്
ഈശോയിൽ ഒന്നാകാൻ
സഹനം തരൂ മാതാവേ

**35.** എൻ ഹൃദയം (Male Voice)

**36.** സഹനസുമങ്ങൾ ജപമാലയിൽ കോർത്ത്
പുഷ്പകിരീടം ഞാൻ തീർത്തു
സഹനസഹോദരി മണവാളനുമായി
ഒന്നാകും നിമിഷം ഞാൻ സ്വപ്നം കണ്ടു

ആനന്ദബാഷ്പമൊഴുക്കിയ രാത്രി
കണ്ണുനീർമുത്തുകൾ കോർത്തു
കണ്ണീരിൽ കുതിർന്നാ മുത്തുകൾ വിടർന്നു
സഹനത്തിൻ പരിമളം വീശി



സ്വർല്ലോകരാജ്ഞിയാം മാതാവു ശിരസ്സിൽ
പുഷ്പകിരീടം ചാർത്തിവന്നു
അമ്മയോടൊപ്പം കൈകോർത്തു ഞാൻ
നവമാം ഭവനത്തിൽ പടികയറി

**37.** സ്തുതിക്കാം സ്തുതിക്കാം
ഒന്നു ചേർന്നു സ്തുതിക്കാം
നാഥനു സ്തുതികൾ പാടാം
നാഥനു സ്തുതികൾ പാടാം

സഹനസുമങ്ങൾ സക്രാരിക്കരികെ
മഴവില്ലു തീർത്തിടുമ്പോൾ
മഴവില്ലു തീർത്തിടുമ്പോൾ
സഹനസുമങ്ങൾ പുഷ്പകിരീടമായ്
മാതാവിനേകീടുമ്പോൾ
മാതാവിനേകീടുമ്പോൾ

സഹനസുമങ്ങൾ സ്വർഗ്ഗസുമങ്ങളായ്
റോസാപ്പൂ ഒരുക്കിടുമ്പോൾ
ചെറുപുഷ്പം വിതറിടുമ്പോൾ
സഹനസുമങ്ങൾ ജപമാലയിൽ
പൂച്ചെണ്ടു തീർത്തിടുമ്പോൾ
പൂച്ചെണ്ടു തീർത്തിടുമ്പോൾ

സഹനസുമങ്ങൾ സഹനത്തിൻപരിമളം
ഭൂമിയിൽ നിറച്ചപ്പോൾ
ആത്മാവു പുളകിതമായ്
താതനും പുത്രനും റൂഹായുമായ
ത്രീത്വത്തിനേകീടാം
മാതാവിൻ സ്നേഹസുമം.



# സ്നേഹതരംഗം


**38. ഓർമ്മയുണ്ടോ**

**39. മുഖമൂതി**

**40. അമ്മ പറഞ്ഞല്ലോ**

**41. ഇച്ചിച്ചീച്ചി**

**42. യേശുവേ എൻ**

**43. അമ്മ അകലെ**

**44. മൂന്നാണിയിൽ**

**45. യേശുവേ ഞാൻ**

**46. അരികെ**

**47. ആഗോള**


38. ഓർമ്മയുണ്ടോ സ്നേഹ മലയിലന്നേശുവിൻ
അധരനേത്രങ്ങൾ രക്തം അരുവിയായൊഴുക്കി
ആ അരുവിക്കരികിൽ അമ്മ നമ്മളറിയാതെ
അമൃതമൊഴുക്കിയതും അലിഞ്ഞു ആ അരുവിയിൽ
അതൊരാറായൊഴുകി

ആറു മുഖമുള്ള കൂർത്ത കല്ലുകൾ സമം
അരുമ സുതൻ നനഞ്ഞു ഉരുണ്ടുവാ അരുവിയിൽ



ആറുമുഖം തേഞ്ഞു ആറു ചിറകു പൊട്ടി
ആത്മാവിലൊന്നായ് നമ്മൾ ഒപ്പം പറന്നുയർന്നു
ആറിന്നാഴത്തിൽ മുങ്ങി

അമ്മ തന്ന സഹനത്തിൻ നാലിരട്ടി സ്നേഹത്തിൽ
നമ്മളറിയും മുമ്പേ ആത്മാവിലലിഞ്ഞു
അമ്മതൻ തേനൊഴുകും ആഴക്കടലിൽ നീന്തി
ആത്മാവിന്നപ്പം നിറയും ആകാശത്തേയ്ക്കുയരാം
അപ്പം നുണഞ്ഞിടാം

39. മുഖമൂതി വീർപ്പിച്ചു പരിഭവം ചൊല്ലിയപ്പോൾ
കുളിർത്തെന്നലായമ്മ കവിളിൽ തലോടി
കുരിശിൻ കൂരമ്പിൽ ഹൃദയം പിളർന്നെന്നു
കുഞ്ഞോമനേയോർക്കു പരിഭവം മറക്കൂ

കുരിശെറിഞ്ഞകലെ കൂരിരുൾ കുറ്റിക്കാട്ടിൽ
കൂട്ടംവിട്ടലഞ്ഞോർക്കായിന്നു ഞങ്ങൾ
കൂട്ടമോടെ തിരയുന്നേരം നീ ഒറ്റക്കായോ
കൂടെ ഓടൂ ഒപ്പം വേഗം വാ നമ്മളൊപ്പം

കൂടെയോടിയോടി തളരുമ്പോൾ നിൽക്കൂ അമ്മേ
കൂട്ടായ് ഞാൻ കൂടെയുണ്ട് കൂടെകൂടെ ചൊല്ലൂ
കൂട്ടുകാരിയമ്മയായി എന്നും നീ വന്നിടുകിൽ
അമ്മേ നിൻ കൂടെ ഞങ്ങൾ യേശുവിൻ കൂട്ടരാകാം



40. അമ്മ പറഞ്ഞല്ലോ ജപമാല ചൊല്ലാൻ
ജപമാലനാദം മുഴങ്ങി
ആ നാദതരംഗത്തിൽ പുഷ്പം വിടർന്നു
ആയിരം പുഷ്പത്തിൻ നറുമണമായ്
ആ പുഷ്പങ്ങൾ കോർത്തു മാലയാക്കി
ആത്മീയബന്ധത്തിൻ മാലചാർത്തി
ആ മാല ജപമാലയായ് മാറി
അതിലെന്നും യേശുവിൻ മുഖം വിടർന്നു

അമ്മ പറഞ്ഞത് കേട്ടോ ആ വാക്ക് കേട്ടാൽ മതി
ഇതാ കർത്താവിൻ ദാസിയെന്നോതി
നന്മ നിറഞ്ഞവൾ നിന്നു.
ആ വാക്കിലാത്മാവാവസിച്ചു
പരിശുദ്ധനീശോ ഉരുവായി
ആ ഉണ്ണി പുൽക്കൂട്ടിൽ പിറന്നനേരം
മാലാഖമാരുടെ മുഖം വിടർന്നു.

അമ്മക്കൊപ്പം നടന്നാൽ ഒരുമുഴം കൂടി നടക്കാം
ആ മുഴം കാൽവരി മലയിലെത്തിക്കും
ബലിയുടെ ചൈതന്യമേകും
ആ മുഴം കല്ലറ വാതിലളക്കും
കല്ലറ ചങ്ങല പൊട്ടീടും
ആത്മാവിലുത്ഥാനം ചെയ്തീടും
യേശുവിൻ മുഖം നമ്മിൽ വിടർന്നീടും

41. ഇച്ചിച്ചീച്ചി എന്റെ ഉണ്ണിയീശോ
കഴിഞ്ഞ രാത്രിയിൽ കണ്ടതിന്നോർമ്മകൾ
കൊഴിഞ്ഞു പോയെങ്കിൽ
എന്റെ മനസ്സിലെന്തോ പോലെ
വാവേടെ മനസ്സിലെന്തോ പോലെ

മമ്മിയും ഡാഡിയും കഴിഞ്ഞ കാളരാത്രിയിൽ
വീസിയാറിലൂടെ മുറിയിൽ കണ്ട കാര്യങ്ങൾ
വാവയായ എനിക്കൊന്നും
മനസ്സിലാകില്ലെന്നവർ കരുതി
മനുഷ്യകോലങ്ങൾ മൃഗങ്ങളേപ്പോൽ ചെയ്യുന്ന കാര്യങ്ങൾ
ടിവി സ്ക്രീനിൽ കണ്ടീ വാവേടെ മനസ്സിലെന്തോ പോലെ

സ്ക്രീനിൽ മുഴുകിയ മമ്മിയുടെ മടിയിൽനിന്നൂർന്നിറങ്ങി
ഇഴഞ്ഞു വാവ വാതിൽ തുറന്നത് അവരറിഞ്ഞില്ല
തുഴഞ്ഞു പാർലറിലെത്തി വാവ കണ്ടു കുഞ്ഞേട്ടന്മാർ
വീർപ്പുമുട്ടുന്നു വീസിയാറിലവർ കാണുന്നത് വയ്യ
വാവക്കീശോ
കാണുന്നതനുകരിക്കും വാവക്കിത് കഥയോ കാര്യമോ

42. യേശുവേ എൻ പ്രിയാ സദാ നിന്നെ ഓർത്ത്
എല്ലാം മറന്നു പോയി
നീയേകിയോരും നിൻ സമ്മാനവും
നിൻ ഹൃത്തിലൊന്നാകാൻ ദാഹമോടെ



നാഥാ നിന്നമ്മയെ തന്നതിനാൽ
വേറൊന്നും ചോദിക്കാൻ ഓർത്തതില്ല
വിമലഹൃദയം നിൻ ഹൃദയത്തിൽ ചേർന്നെങ്കിൽ
അതിൽ ചേരാൻ എനിക്കു നിൻ കൃപ മതിയേ

നാഥാ നിന്നാത്മാവിൽ താതനെല്ലാം
കൂട്ടിയിണക്കി കോർത്തതിനാൽ
അപ്പമൊന്നല്ലേ നമ്മളൊന്നല്ലേ
ഒരേ അപ്പം ഒരേ ആത്മം ഒരേ ഹൃദയം

43. അമ്മ അകലെയാണെന്നു
ഞാൻ കരുതി
സൂര്യനെ ഉടയാടയാക്കിയെൻ അമ്മ
അരികിലെത്തി അമ്മ അരികിലെത്തി
സൂര്യനെ ഉടയാടയാക്കി സുന്ദരിയായ്
അരികിലെത്തി എൻ കൈപിടിച്ചു

അമ്മ ഒന്നു മിണ്ടുമോ എന്നോർത്തു
കാതോർത്തു ഞാൻ

ഒരു നൂറു താരാട്ടിൻ ഈണവുമായമ്മ
ആത്മാവിൻ ഈണത്തിൽ പാട്ടുപാടി
ആ ഈണത്തിൻ താളത്തിലമ്മ
മകനെ വേഗം നീ ഉണരൂ എന്നോതി



അമ്മ എന്തേലും നൽകുമോ എന്നോർത്തു
കൺചിമ്മി ഞാൻ

കുഞ്ഞിളം കൈകളിൽ പൊന്നുണ്ണിയെ നൽകി
തിരികെ വാങ്ങി വീണ്ടും തിരിച്ചു നൽകി
കുഞ്ഞിളം കൈകളിൽ പൊന്നുണ്ണിയെ നൽകി
തളരരുതേ എന്നോതി ധൈര്യം പകർന്നു

**Mother my Heavenly Mother**
**Are You miles miles away**

**Dressed in sundress O! what a beauty**
**There comes Mother, She holds my hands**

**Mother my Heavenly Mother**
**Give a Heavenly Gift**

**She gives me Her only Son Child Jesus**
**She gives me Her only Son Sweet Jesus**

44. ഞാനുറങ്ങി പക്ഷെ എന്റെ ഹൃദയം ഉണർന്നിരുന്നു അതാ എന്റെ പ്രിയൻ വാതിലിൽ മുട്ടുന്നു. ഞാൻ എന്റെ പാദങ്ങൾ കഴുകി. ഞാനിനിയെങ്ങനെ മണ്ണിൽ ചവുട്ടും. എന്റെ പ്രിയൻ വാതിൽകൊളുത്തിൽ പിടിച്ചു. എന്റെ ഹൃദയം ആനന്ദം കൊണ്ട് തുള്ളിച്ചാടി. എന്റെ പ്രിയന്



തുറന്നുകൊടുക്കാൻ ഞാനെഴുന്നേറ്റു. എന്റെ പ്രിയനായി ഞാൻ കതകുതുറന്നു. പക്ഷെ, അവൻ അപ്പോഴേയ്ക്കും പോയിക്കഴിഞ്ഞിരുന്നു.

കർത്താവിനായി മുഴുഹൃദയമോടെ കാത്തിരിക്കാം
മുഴുമനസ്സോടെ മനസ്സമ്മതം മൂളാം.

മൂന്നാണിയിൽ മരക്രൂശിൻ ചൂടിൽ മിനുക്കിയ
മോതിരമണിയാൻ മുഴുമനസ്സുണ്ടോ മണവാട്ടി
മരണമണി മന്നിൽ മുഴങ്ങിയ നേരവും
മാറിൽ മുറിവേറ്റു മാടിവിളിക്കുന്നു മണവാളൻ

മരണത്തിൽ മൂന്നു ദിനം മറക്കാതെ കല്ലറയിൽ
മാറ്റുകൂട്ടും മിന്നിലൊരു മോതിരം മെനഞ്ഞവൻ
മരണത്തെ തോൽപ്പിച്ചു മധുവിധുവാക്കിയോൻ
മാനവമക്കളെത്തൻ മണവാട്ടിയാക്കിയോൻ

മരുഭൂവിൽ മന്നയേകി മൃത്യുവിനെ ജയിച്ചോൻ
മേനിയിന്നു മണവാട്ടിക്കായ് മന്നയാക്കുവോൻ
മരണനേരം കൈയ്യിൽ കുരിശേകി കൈപിടിച്ചു
മുന്നിൽ നടന്നു നീങ്ങും മാതാവിനെ നൽകിയോൻ

45. യേശുവേ ഞാൻ നെയ്ത പ്ലാനോരോന്നും
നിന്നുടെ ഇഷ്ടമല്ലാതിരുന്നെങ്കിൽ
സ്വീകരിക്കൂ നീയാ പ്ലാനുകളോരോന്നും
എനിക്കതിന്നവകാശം വേണ്ട ഈശോ.

നിൻ പ്ലാനിൽ നീയെന്നെ ഉടച്ചു വാർക്കൂ
നിൻ അവകാശമെൻ ജീവിതവും
നിൻ സ്വന്തമെല്ലാം എൻ സ്വന്തമാകും
എൻ അവകാശമതാരെടുക്കും

എന്നെ പിച്ചി ചീന്തിടുവാൻ
ശ്രമിച്ചവർക്കേകു നിൻ കാരുണ്യം
നീയെന്നുമാശീർവ്വദിപ്പവരെ
അശീർവ്വദിക്കാൻ കൃപ നൽകിടൂ

46 അരികെയരികെയരികെ
നീ വന്നീടുകിൽ
ദൂരെ നിന്നെ വിട്ടു ഞാൻ പോകുകില്ല
നിൻ സ്നേഹസാഗരത്തിൽ മുങ്ങീടുവാൻ
കൈപിടിച്ചിറക്കണെ യേശുനാഥാ

വീഞ്ഞുവറ്റും കാനായിലെ കല്യാണം പോൽ
വരണ്ടുണങ്ങും കൊച്ചുകൊച്ചു ഹൃദയങ്ങളെ
നിൻ സ്നേഹ സ്പർശനത്താൽ തുറന്നീടണെ
സ്നേഹത്തിൻ സാഗരം ഒഴുക്കീടണെ

സ്നേഹത്തിൻ സാഗരം ഒഴുക്കീടുവാൻ
അവസാനത്തുള്ളിയും ഒഴുക്കിയ



തിരുവിലാവിലെന്നും അഭയമേകൂ
സ്നേഹത്തിൻ സാഗരത്തിൽ നീന്തിടുവാൻ

**Nearer Nearer Nearer O ! Lord you come**
**Far far far away never I go**
**To fathom the deepest ocean of love**
**Hold my hands and launch me to sea**

47. ആഗോള സഭയെ നൈമിഷികമാം
ശിരസ്സും ഹൃദയവും കോർത്തീടും
രക്ത ധമനിയേശു വിടർത്തീടും
അനന്തമാത്മാവിലതു പടർന്നു കൂടും

പുഷ്പം വിടർന്നാൽ തേൻ പൊഴിക്കും
വിടർന്നതു കൂടി വിത്തായിടും
ഹൃദയം വിടർന്നാൽ രക്തം പൊഴിക്കും
വിടർന്നാലെ പുതുജീവൻ പടർന്നിടു

രക്തധമനികൾ വിടർന്നിടട്ടെ
പടർന്നു കൂടി ശരിസ്സിൽ ഒന്നാകട്ടെ
ഒരു ശിരസ്സും എല്ലാ ഹൃദയങ്ങളും
ഒരേ താളം ഒരേ രാഗം ഹൃദയരാഗം



# സ്നേഹരോദനം

**48. താരാട്ട്**
**49. അം**
**50. ആത്മാവിൻ**
**51. പാപി**
**52. ഇതുവരെ**
**53. കൊന്തമണി**
**54. മരവിച്ച**
**55. താരാട്ട് (Female voice)**
**56. തിരുവുള്ളം**
**57. യേശു തിരിച്ചെത്തി**
**58. സ്നേഹത്തിൻ**

48. താരാട്ടു പാടിയ നാളിലും നിന്നെ
തലോടിയ താതനെ മറക്കരുതേ
തരണേ എന്നു നീ കേണതെല്ലാം
തന്നനിൻ താതനെ മറക്കരുതേ
രക്തപങ്കിലമെങ്കിലും നിന്നെ
രക്തത്താൽ കഴുകുവാൻ തുറന്നിടുന്ന
രക്തവും അവസാനജീവനീരും
തന്നനിൻ യേശുവിൻ മുറിവു കാണുമോ



രോദനം തിങ്ങിയ നാളുകളിൽ
രാത്രിയും പകലും യാത്ര ചെയ്തു
രാപ്പാടി പക്ഷിപോൽ നിന്റെ കൂടെ
രാഗംമീട്ടും ആത്മാവേകി താതൻ

49. അം. കഴിക്കൂ മകനെ ഉംഉം ഇതുകൂടി മതി....
അം.. ഉം.. ഉം
അം.... അം.... അം....
അം എന്നു ചൊല്ലി നാഥൻ അമ്മയെപ്പോലെൻ
നാവിൽ
ആദ്യസ്നേഹം അലിയിക്കവേ
ആത്മാവിലന്തരംഗം ആർത്തുചൊല്ലി അമ്മെ.. അമ്മെ

**.....ഇതാ നിന്റെ അമ്മ.....**

പോകണമെന്നാണോ മകനേ
നിന്നമ്മ പോകണമോ
കാൽവരിയിൽ നിന്നെയേൽപ്പിച്ച
നിന്നമ്മ പോകണമോ

**..... ഇതാ നിന്റെ മകൻ .......**

നിയൊന്നു ചൊല്ലീടുമോ
നീയെന്റെ മകനെന്ന്

കാൽവരിയിൽ മുഴങ്ങിയ പാന
നിന്നമ്മ മറന്നീടണോ?
നീയെൻ മകനല്ലേ...

ഞാനൊന്നു ചൊല്ലീടാം
സ്നേഹവിരുന്നൂട്ടാൻ
മാലാഖമാരുടെ മന്നയുമായി
നിന്നമ്മ വന്നീടും
ഞാൻ നിന്നമ്മയല്ലേ....

**I love you Jesus**
**With mother Mary**
**With the love of Holy Spirit**
**Take me to father heavenly father**
**Take me home take me home...**

**50.** ആത്മാവിൻ രോദനം ഇടിനാദമായ്
ആഗോള വ്യാപകമായ് മുഴങ്ങി
അരുമസുതന്റെ ബലിയിൽ ചേരാൻ
ആരുമില്ലേ...(2) ക്രൂശിൻ അരികിൽ വരാൻ

അന്നു നസ്രസ്സിൽ സമ്മതം മൂളിയ
അമ്മയാരോദനം കേട്ടോടിയെത്തി
അന്നു കാലിക്കൂട്ടിൽ തണുത്തു വിറച്ചവൻ
കാൽവരി കയറുന്നു തളരുന്നു വീഴുന്നു



അവർ ഉരിഞ്ഞിടുന്നു നാഥന്റെ വസ്ത്രം
അമ്മയൂരി തന്റെ ശിരോവസ്ത്രമെറിഞ്ഞു
അയ്യോ മകനേ എടുത്തു ചുറ്റു
അമ്മേയെൻ കൈകൾക്കു ശക്തിയില്ല

'എന്റെ മേലങ്കിക്കു വേണ്ടി അവർ കുറിയിട്ടു...

പടയാളി തന്നുടെ ക്രൂരമാം കൈകളാൽ
ആ ശിരോവസ്ത്രം ദേഹത്തു വരിയവേ
ചമ്മട്ടിയടികൾ വീഴ്ത്തിയ മുറിവുകൾ
ചോരതുപ്പി ഭൂമി നടുങ്ങീടുന്നു.

**51.** പാപികളിൽ ഒന്നാമൻ ഞാൻ
പാപികളിൽ ഒന്നാമൻ ഞാൻ
പാപികളിൽ ഒന്നാമൻ ഞാൻ
പാപികളിൽ ഒന്നാമൻ ഞാൻ

ദൂർത്തപുത്രനാം ഒരോമനമകനെ
മാറോടു ചേർത്തൊരാസ്നേഹമോർത്താൽ
നഷ്ടപ്പെട്ടൊരാ ആടിനെ തന്റെ
തോളിലേറ്റിയ സ്നേഹമോർത്താൽ

ശാന്തിയിൽ മകളെ പോവുക നീ
മേലിൽ പാപം അരുതരുതേ
ജീവജലത്താൽ കവിഞ്ഞൊഴുകാൻ
കൂട്ടുകാരേ കൂട്ടിവരൂ



വിലയേറും വസ്ത്രമണിയാം
രാജാവു നൽകുന്ന മോതിരമണിയാം
ശാന്തി പകരുന്ന പാദുകമണിയാം
വിരുന്നൊരുക്കാം ആനന്ദിക്കാം

**Its no more I who live**
**Its Christ who lives in me**
**To live is Christ for me**
**To die is to gain my Lord**

**52.** ഇതുവരെ പാപത്തെ സ്നേഹിച്ചു ഞാൻ
ഇതുവരെ യേശുവിനെ നോവിച്ചു ഞാൻ
ഇനി മുതൽ യേശുവിനെ സ്നേഹിക്കും പാപി ഞാൻ
ഇനിയെന്നും യേശുവിന്നാമോദമേകും

ഇരുമുനപാപത്താൽ തിരുവിലാവ്
ഇരുവശം കാണോളം ഞാൻ തുളച്ചു
ഇനി മുതൽ എൻഹൃത്തം ആവിലാവിൽ
ഇരുന്നെന്നും ആഹൃത്തിന്നാമോദമേകും

ഇരുമുനമുള്ളുള്ള തണ്ടുകളാൽ
ഇതുവരെ മുൾമുടി തീർത്തുവെങ്കിൽ
ഇനിയെന്നും നക്ഷത്ര പുഷ്പമൊരുക്കാം
ഇനി യേശുവിൻ ശിരസ്സലങ്കരിക്കാം



**53.** കൊന്തമണി മുഴങ്ങീടുന്നു
പ്രാർത്ഥന ഉയരുന്നു
നാഥന്റെ രഹസ്യങ്ങൾ
പൂവായ് വിരിയുന്നു
പരിമളം ഓരോ മണിയിലും
ഒഴുകുന്നു

മംഗലവാർത്തയുമായ് മാലാഖയെത്തുന്നു
മാതാവേലീശ്വായെ സന്ദർശിച്ചീടുന്നു
മഞ്ഞുള്ളൊരു രാത്രിയിൽ യേശു ജനിക്കുന്നു
മാതാവുണ്ണിയെ ബലിയായ് നൽകുന്നു
പന്ത്രണ്ടു വയസ്സിൽ കാണാതെ പോയപ്പോൾ
ദേവാലയത്തിൽ കണ്ടുമുട്ടുന്നു

ഗദ്സെമെൻ തോട്ടത്തിൽ രക്തം വിയർത്തിടുന്നു
ചമ്മട്ടിയടികളാൽ നിന്ദനശരങ്ങളാൽ
മുൾമുടി ചൂടിച്ചവഹേളിച്ചീടുന്നവർ
മരക്കുരിശേകി കാൽവരി കയറ്റുന്നു
മൂന്നുനാൾക്കുള്ളിൽ ഉത്ഥിതനായിടുവാൻ
മുൻകൂട്ടിയരുളിയപോൽ ക്രൂശിൽ മരിച്ചീടുന്നു

മരിച്ചു മൂന്നാംനാൾ ഉത്ഥാനം ചെയ്തീടുന്നു

നാല്പതാം നാളിൽ സ്വർഗ്ഗാരോഹണമായ്
തീനാള രൂപത്തിലാത്മാവിറങ്ങിടുന്നു
മാതാവു സ്വർഗ്ഗത്തേക്കെടുക്കപ്പെട്ടിടുന്നു
ഉചിതമായ് താതൻ തൻ പ്രിയമകളെ
ത്രിലോക രാജ്ഞിയായ് മുടിധരിപ്പിച്ചീടുന്നു...

**54.** കർത്താവായ യേശു താൻ ഒറ്റികൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്ത് കൃതജ്ഞതയർപ്പിച്ചതിനുശേഷം അത് മുറിച്ചുകൊണ്ടരുൾ ചെയ്തു, "ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമ്മക്കായി നിങ്ങൾ ഇത് ചെയ്യുവിൻ."

അപ്രകാരം തന്നെ അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുൾചെയ്തു "ഇത് രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മക്കായി ചെയ്യുവിൻ."

മരവിച്ച മനുഷ്യാ നിൻ പാപാഗ്നിയിൽ
യേശുവിൻ കൺപോള വെന്തു പിടഞ്ഞു
കണ്ണീരിവിടെ രക്ത കടലായ് നിൻ
ദാഹമിനിയും ശമിക്കുകില്ലെ



കരഞ്ഞു കരഞ്ഞു കണ്ണീരു വറ്റി
ഹൃദയമുരുകി രക്തം തുളുമ്പി
നിൻ മുമ്പിലതു വെറും കടലാസുപൂവോ
ചവുട്ടിമെതിച്ചു നീ കടന്നു പോയോ

കടങ്ങൾ പൊറുക്കാൻ ജീവനേകാൻ
ബലിയിലാ രക്തം പകർന്നു തന്നു
വലിച്ചെറിയുന്നോ ആ സ്നേഹാമൃതം
അധികപ്പറ്റായോ തൻ ദിവ്യസ്നേഹം.

**55**. താരാട്ടു (Female Voice)

**56.** തിരുവള്ളമായ സമയം
തിരി തെളിഞ്ഞൂ സെഹിയോനിൽ
തിരുമനസ്സെന്നിൽ തെളിയേണം
തിരുലിഖിതങ്ങൾ തന്നിടേണം

തപസ്സിരുന്ന് തിരുമനസ്സിലെത്താൻ
തകരട്ടെ മനസ്സിൻ ബന്ധങ്ങൾ
തുറമുഖത്തു വേഗം നീന്തിയെത്താൻ
തിരുരക്തത്തിരയിൽ ഞാൻ സൗഖ്യമാകും.



തെറ്റിൻവഴിയിലെ കൂടാരത്തേക്കാൾ
തിരുനട കാക്കുവാൻ ദാഹമോടെ
തിരുസന്നിധിയിൽ നാലുമുഖമുള്ള
തിരുവചനത്തിൽ ഞാൻ പുതുമുഖമണിയും

**57.** യേശു തിരിച്ചെത്തി സ്വർഗ്ഗം മുങ്ങി താരാട്ടിൽ
ഭൂമി കുലുങ്ങി താരാട്ടിൽ ആത്മാവാഗതനായ്
മാതാവും ശിഷ്യന്മാരും സെഹിയോൻ ശാലയിൽ
അഗ്നി ജ്വലിക്കുന്നു അത്ഭുതമൊഴുകുന്നു

താതനു വലതുവശം ഈശോ വാഴുമ്പോൾ
ആത്മാവിൽ വിങ്ങി മാതാവുയരുന്നു
ആത്മാവിൽ തിങ്ങും സ്വർഗ്ഗയാത്രകൾ യാത്രകൾ
താരാട്ടു പാടാൻ യാത്രയിൽ നോവുകൾ നോവുകൾ

നൊന്തു പിറന്നപ്പോൾ യേശുവിൽ
നോവുകൾ നോവുകൾ
യേശു ജനിച്ചപ്പോൾ സ്വർഗ്ഗം മുങ്ങി താരാട്ടിൽ
ക്രൂശു ചുമന്നപ്പോൾ യേശുവിൽ
നോവുകൾ നോവുകൾ
ഉത്ഥാനത്തിൽ ആത്മാവിൻ സാന്ത്വനം താരാട്ടായ്



**58.** സ്നേഹത്തിൻ പരിമളത്തിൽ ഒരുമിച്ചു യാത്രയായി
അമ്മതൻ തിരുമുഖം കണ്ടുണർന്നിരുന്നു
അമ്മതൻ താരാട്ടിൽ രാത്രിയെ ഉറക്കി
സ്നേഹഗാഥ താതൻ ചൊല്ലി രാത്രി മുഴുവൻ

കൊട്ടാര വാതിലിൽ എത്തുന്ന നേരം
മുട്ടിയ ഹൃദയം യേശു തുറന്നു
മുന്നു ദിനം മുഴുവൻ തപസ്സിരുന്നു
കൊട്ടാരത്തിൽ തിരി എല്ലാം തെളിച്ചു

മൊട്ടിട്ട സ്നേഹത്തിൻ സൗരഭ്യപുഷ്പം
കണ്ടു മടങ്ങവെ കരയുന്ന ഹൃത്തിൻ
കണ്ണിൽ നിറയും കണ്ണീർ തുള്ളിയോടെ
മനമെല്ലാം യേശുവിൻ ആത്മാവിലലിഞ്ഞു.

# അന്തർനേത്രം

**59. നാഥാ നിൻ**

**60. നാദോപാസന**

**61. ഒന്നായ്**

**62. പുഞ്ചിരി**

**63. ജനനത്തിൽ**

**64. കുഞ്ഞാറ്റകിളികൾ**

**65. താളങ്ങൾ**

**66. ദാഹാർത്തൻ**

**67. കണ്ണുനീർ**

**68. മഞ്ഞ്**

സ്നേഹമുള്ള സുഹൃത്തേ,

നിന്നെ അന്നു വീണ്ടും കണ്ടപ്പോൾ ഏറെ സന്തോഷമായി. ആത്മാവിലും ശരീരത്തിലും നീ എന്നും ആരോഗ്യ



മുള്ളവനായിരിക്കണം എന്നാണെന്റെ കൊതി. നിനക്കായിതാ 'നാഥാ നിൻ ചാരെ'

അന്നു നമ്മൾ കണ്ടുമുട്ടിയപ്പോൾ പരിശുദ്ധാത്മാവിന്റെ ആലയമാകുന്ന നിന്റെ ശരീരത്തെ കൊല്ലുന്ന ചില മയക്കു മരുന്നു ഗുളികകൾ നീ ഉപയോഗിച്ചിരുന്നു. അങ്ങനെ നിന്റെ കണ്ണിന്റെ ഫോക്കസും നഷ്ടപ്പെട്ടിരുന്നു.

അന്നൊരിക്കൽ നീ ഇവിടെ കണ്ട കുർബ്ബാനക്കിടയ്ക്ക് യേശു കൂടെ നടന്നിട്ടും അവനെ കാണാൻ കഴിയാത്ത വിധം കണ്ണുകൾ മൂടപ്പെട്ട ശിഷ്യന്മാരെക്കുറിച്ചു കേട്ടപ്പോൾ പറഞ്ഞില്ലേ.

'അച്ഛാ, യേശുവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ അന്തർനേത്രങ്ങൾ അഗോചരമായിരുന്നു'

(ലൂക്ക. 24:16)

**59**. നാഥാ നിൻ ചാരെ നടന്നിടും നേരമെൻ
കണ്ണുകൾ അന്ധമോ മയക്കമോ
എന്നന്തരംഗത്തിൽ വാണിടും നേരമെൻ
അന്തർനേത്രങ്ങൾ അഗോചരമോ

നാഥാ നീ വാതിലിൽ മുട്ടിടും നേരം ഞാൻ
ബധിരനോ വാതിലിൽ ബന്ധനമോ



നാഥാ നിൻ സ്നേഹത്തിൻ വചനം പകരുമ്പോൾ
മന്ദീഭവിച്ചതോ എൻ ഹൃദയം

നാഥാ നിൻ മേനിയെ പങ്കിടും നേരമെൻ
അന്തർനേത്രം തുറന്നീടണേ
നിൻ ദിവ്യ വചസ്സുകൾ ചൊല്ലി ചൊല്ലി
ജ്വാലയായ് തീർക്കണെ എൻഹൃദയം.

പ്രിയ സുഹൃത്തെ,

കഴിവതും ശാരീരികമായും ദിവ്യകാരുണ്യ സന്നിധിയിലായിരുന്ന കാലം. അന്നു നീയും ധ്യാനം കൂടാൻ വന്നിരുന്നു.

മാലാഖമാരേയും നാഥനെ ദർശിക്കുന്ന അവരുടെ ആയിരം കണ്ണുകളെയും ഇഷ്ടപ്പെട്ട കാലം. വിശ്വാസനേത്രങ്ങളെക്കുറിച്ച് അന്നു ക്ലാസ്സെടുത്തു.

അന്നു നീ ചോദിച്ചു വിശ്വാസത്തെക്കുറിച്ച് കുറച്ച് 'സിമ്പിൾ' ആയി പറഞ്ഞുകൂടെ, അന്നു മുതൽ നാഥന്റെ കൂടെ മുഴുവൻ സമയവും വസിച്ചു. ഉപവസിച്ചു. നാഥന്റെ നടയിൽ വസിച്ച സന്തോഷനിമിഷങ്ങൾ.

(സങ്കീർ. 23:2, 51:11, 84:10)



ഇതാ അതൊരു പുതുഗാനമായി. ഈ ഗാനം പാടുമ്പോൾ മാലാഖമാരൊത്തു നീങ്ങാം. നാദോപാസന ചെയ്യുമ്പോഴും പാടുമ്പോഴും ആറു ചിറകുള്ള മാലാഖമാർ കൂടെ. (ഏശയ്യാ. 6:2)

* സങ്കീർ. 119:105 ഉം കൂട്ടിച്ചേർത്തു വായിക്കണെ.

**60**. നാദോപാസന ചെയ്തീ നാളുകൾ
നാഥന്റെ നടയിൽ കാത്തിരിപ്പൂ
നാഥനോടൊത്തു ഉപവസിച്ചാൽ
നാവുകൾ നാഥന്റെ നാദമാകും

ആലാപനങ്ങളിൽ പുതുജീവനേകുന്ന
നാഥന്റെ സ്വർഗ്ഗീയ ഗീതമാകണം
ആറു ചിറകുള്ള മലാഖമാരൊത്ത്
ആലപിക്കും എന്നും പരിശുദ്ധൻ
ആലപിച്ചെന്നും ആറാടണം

അന്തർമുഖങ്ങളിൽ ആയിരം കണ്ണുമായ്
നാഥനെ ദർശിക്കും മാലാഖമാർ
കൂടെയീലോകത്തിൻ നടകയറീടവെ
പാദങ്ങൾ ആയിരം കണ്ണാകണം
നടതെറ്റാതെന്നും മുന്നേറണം

പ്രിയ സുഹൃത്തേ,

നീ ധ്യാനിക്കാൻ വന്ന ആഴ്ചയിലെ വ്യാഴം രാത്രി, പൊതു ആരാധനയുടെ സമയത്ത് ഏതോ ഈണം മനസ്സിൽ ഉയർന്നു. ആ ഈണത്തോടൊത്തു രണ്ടു വരികൾ മൂളി നോക്കി.

'ഒന്നായ് പാടാം', കൂട്ടത്തിൽ പരിശുദ്ധാത്മാവിന്റെ വര ദാനങ്ങളും ഫലങ്ങളും, അന്നു പാടി ചോദിച്ചു.

ലൗ, ലൗ, എന്ന്, സ്നേഹത്തിന്റെ ഫലം യാചിച്ചപ്പോൾ, നീ വന്നു ചോദിച്ചു. ഐ ലൗ യു ജീസസ്? (യോഹ. 21:15) എന്നതിനൊപ്പം സങ്കീർത്തനം 23 ചേർന്നപ്പോൾ സുന്ദരമായി.

'ഒന്നായ് പാടാം' പാടി നോക്കി ഐ ലൗ യു ജീസസ് (യോഹ. 21:15) ഒന്നായി പാടി രാവും പകലും (2 തിമോ. 1:3) പ്രാർത്ഥിക്കാം.

കണ്ണുനീർ നാഥൻ കാണും (2 തിമോ. 1:4) നമ്മൾ സന്തോഷഭരിതരാകും.

**61**. ഒന്നായ് പാടാം കൈകൊട്ടി പാടാം
ആയിരം സ്തുതികൾ പാടാം



കോടാനുകോടി മാലാഖമാരൊത്തു
ആനന്ദഗാനം പാടാം

വിഷവായു തിങ്ങി വിവശയാം എന്നെ
ഉന്മേഷം നൽകി നാഥൻ
മരണത്തിൻ നിഴൽ വീണ
താഴ്വരയിൽ നിന്നും രക്ഷ നൽകീടുമ്പോൾ

ആയിരം പുഷ്പത്തിൽ നറുമണം തൂകി
വിരുന്നൊരുക്കുന്ന നാഥൻ
നൽകുന്ന സന്തോഷപാനപാത്രം
കവിഞ്ഞൊഴുകുമ്പോൾ പാടിടും ഞാൻ

**I love you JESUS**
**I love you JESUS with**
**Purity of my heart**

**I love you JESUS**
**I love you JESUS with**
**HEART BEATS OF MY LIFE**

സ്നേഹമുള്ള സുഹൃത്തെ,

അന്നു നീ പറഞ്ഞല്ലെ 'എല്ലാവരും നിന്നെ കുറ്റപ്പെടു



ത്തുന്നു. പിള്ളാരെപ്പോലെ കളിച്ചു ചിരിച്ചു നടക്കുന്നു എന്ന്?

'ഭാരം വഹിക്കുന്ന നിങ്ങൾ എന്റെ പക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'.

പെട്ടെന്ന്, ധ്യാനത്തിൽ, പുഞ്ചിരി തൂകി യേശു വന്നു. എഴുതിത്തുടങ്ങി. 'എല്ലാം നല്ലതെന്നു' (ഉൽപ്പ. 1:25) പ്രപഞ്ചം മുഴുവൻ സുന്ദരം. ദൈവം സൃഷ്ടിച്ചതെല്ലാം... പുഞ്ചിരിയും... നമുക്ക് യേശുവിനെപ്പോലെ സന്തോഷിക്കാം. (ഗലാ. 5:22)

പക്ഷെ ആ സന്തോഷം മനുഷ്യൻ എടുത്തു കളയുന്നതല്ല, പിന്നെയോ തേൻകട്ടയേക്കാളും മധുരമാകുന്ന, കയ്പും മധുരമാക്കുന്ന, എല്ലാവരോടും ക്ഷമിക്കുന്ന യേശു തരുന്ന സ്നേഹവും സന്തോഷവുമാണ്.

**62**. പുഞ്ചിരിതൂകുന്ന യേശുവേ മുറിവും
പുഞ്ചിരിയാക്കുന്ന യേശുവേ
പ്രപഞ്ചം മുഴുവൻ സുന്ദരമാണെന്ന്
നിൻ തിരുമുഖമിന്നു ചൊല്ലിടുന്നു

തേൻകട്ടയേക്കാളും നിൻ സ്നേഹം മധുരം
കയ്പും മധുരമാക്കുന്ന സ്നേഹം



സർവ്വപുഷ്പങ്ങളും ചേർത്തുതന്നാലും
വാടാത്ത നിൻസ്നേഹം പുൽകിടും ഞാൻ

കണ്ണിനു പകരം കണ്ണായിടാതെ
കാരുണ്യം കയ്പിന്നു മധുരമാകും
കന്മഷമിയലാതാ സ്നേഹാമൃതം
കന്മഷം കഴുകി സൗഖ്യമേകും.

എന്റെ അമ്മേ,

ഉത്ഭവപാപമോ കർമ്മ പാപമോ ഇല്ലാതെ എന്നും നീ ദൈവഹിതം പ്രവർത്തിച്ചു. അതിനു അമ്മയെ അമ്മയുടെ പുത്രൻ പുകഴ്ത്തി. (മാർക്കോ. 3:35)

അമ്മ വിശുദ്ധിയിൽ തിളങ്ങുകയും ചെയ്തു. (വെളി. 12:1)

ദൈവത്തിന്റെ മക്കൾക്കു നൽകുന്ന വലിയ സമ്മാനമല്ലെ ദൈവദർശനം. അമ്മയോട് മാധ്യസ്ഥത്തിനായി അപേക്ഷിക്കുന്നു. അമ്മയിൽ നിറഞ്ഞ പരിശുദ്ധി ഞങ്ങൾക്കും വാങ്ങിത്തരണേ...

ദൈവത്തെ ദർശിക്കാൻ (മത്താ. 5:8)

ആയിരം ലോകത്തിൻ മുത്തത്തേക്കാൾ
ഒരു നുള്ളു വിശുദ്ധി നീ തൊട്ടുനൽകൂ

**63**. ജനനത്തിൽ പോലും കറയില്ലാതെ
കർമ്മപാപത്തിൻ കളയേശാതെ
യേശുവിന്നമ്മയായ് തീർന്ന മാതാവേ
തെളിയുന്നു തിളങ്ങിടും വിശുദ്ധിയിൽ നീ

കോറസ്സ്: ആയിരം ലോകത്തിൻ മുത്തത്തേക്കാൾ
ഒരു നുള്ളു വിശുദ്ധി നീ തൊട്ടുനൽകു

ആകാശം തിങ്ങിയ സൂര്യനെ നീ
ഉടയാടയാക്കി തിളങ്ങിയല്ലോ
ഹൃദയശുദ്ധിയിൽ തെളിയുന്ന തേജസ്സിൽ
ദൈവദർശനം ഹൃദയത്തിൽ
നിറഞ്ഞൊഴുകി തെളിയേണം

ചന്ദ്രനെ പാദത്തിൻ കീഴിലാക്കി
ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രമായ്
വിശുദ്ധിതൻ കിരീടമണിഞ്ഞൊരമ്മേ
കുഞ്ഞുമക്കൾക്കായ്
പ്രാർത്ഥിക്കൂ ശുദ്ധിയെന്നും കാക്കുവാൻ.

സ്നേഹമുള്ള കുഞ്ഞാറ്റക്കിളികളെ, കുഞ്ഞുങ്ങളെ

ഈ ലോകത്തിൽ, കുഞ്ഞുങ്ങളെ! നിങ്ങൾ ഒത്തിരി ദുഃഖിക്കുന്നു എന്നറിയാം. പക്ഷെ കുഞ്ഞുങ്ങളെ നിങ്ങൾ



ക്കല്ലെ സ്വർഗ്ഗരാജ്യം (മാർക്കോ. 10:14) ഒന്നു പിണങ്ങിയാലും നിങ്ങൾ നൂറുതവണ ഇണങ്ങില്ലേ.

നിങ്ങൾ ഇത്രയും ചെയ്താൽ മതി. നിങ്ങൾ പണിയുന്ന കുഞ്ഞുവീട് തകർക്കുന്നവർക്കു വേണ്ടി ഈശോയോട് പ്രാർത്ഥിക്കണം. അവരോടു ക്ഷമിക്കുമ്പോൾ നിങ്ങളുടെ കുഞ്ഞുമുറിവ് ഈശോ ഉണക്കി സ്വർഗ്ഗവളകളും പാദുകങ്ങളും അണിയിക്കും.

പിന്നെ പാപത്തിന്റെ കുഞ്ഞോർമ്മകൾ യേശുവിന്റെ പ്രതിനിധിയായ വൈദീകനോട് കുമ്പസാരത്തിൽ ഏറ്റു പറയാം. ഈശോ പൊറുത്ത് സമ്മാനമായി സ്വന്തം ശരീരവും രക്തവും ശിശുക്കൾക്കു വെളിപ്പെടുത്തും.

**64**. കുഞ്ഞാറ്റക്കിളികൾ ഞങ്ങൾ കൂടുകൂട്ടും കിളികൾ
കുഞ്ഞുവീട് തീർത്ത് ചാഞ്ചാടും കിളികൾ
ഒന്നു പിണങ്ങിയാലും നൂറു ഇണങ്ങിടുന്ന
കൂരിയാറ്റകിളികൾ ഞങ്ങൾ വീടിനൈശ്വര്യമേ

കോറസ്സ്: കൂരികിൽ പക്ഷികളും മീവൽ പക്ഷികളും
ഏറ്റുപാടിടുന്നു കുഞ്ഞിനു ഇടർച്ച നൽകരുതേ

ഈ ലോകപാപത്തിൻ കുഞ്ഞുവരമ്പിൽ വീണ്
കുഞ്ഞുവളകൾപൊട്ടി കൈകളിൽ പോറലേറി
യേശുവെൻ ചാരെയെത്തി കുഞ്ഞുമുറിവുണക്കി
സ്വർഗ്ഗവളകൾ ചാർത്തി ആനന്ദനൃത്തമാടി



കോറസ്സ്: മാലാഖവൃന്ദങ്ങൾ കാറ്റിൻ ചിറകുകളിൽ
ഏറ്റുപാടിടുന്നു കുഞ്ഞിനു ഇക്കിളി കൂട്ടരുതേ

ആത്മാവിൻ വിങ്ങലോടെ യേശുവിൻ കാതിലോതി
ആത്മാവിൽ തിങ്ങിനിന്ന പാപത്തിൻ കുഞ്ഞോർമ്മകൾ
എൻ കുഞ്ഞുനാവുകളിൽ യേശു പകർന്നേകി
യേശുവിൻ ജീവനാം ഓസ്തിയും വീഞ്ഞുമന്ന്

കോറസ്സ്: യേശു ജ്വലിച്ചോതി കുഞ്ഞിനു സ്വർഗ്ഗരാജ്യം
കുഞ്ഞിനേപ്പോലുള്ളോർക്കും ലഭ്യമീ സ്വർഗ്ഗരാജ്യം

സ്നേഹമുള്ള സ്കൂൾ വിദ്യാർത്ഥി,

അന്നു സ്കൂളിൽ നിന്ന് എന്നെ കാണാൻ വന്നപ്പോൾ നീ പറഞ്ഞല്ലോ, അച്ചാ എല്ലാവരും ഞങ്ങളെ വഴിപിഴച്ച സമൂഹമെന്നു പറയുന്നു. നല്ലവരെന്ന് ആരും പറയുന്നില്ല.

സാരോല്യ, നന്നായി പഠിക്കണം. നിങ്ങളുടെ സുന്ദരസ്വപ്നങ്ങൾ ഈശോയ്ക്കു കൊടുത്തു ജ്ഞാനം തരണെ (ജ്ഞാനം:9) എന്നു പ്രാർത്ഥിക്കണം. ഈശോ നിങ്ങളുടെ ഭാവിക്കു സമ്പൂർണ്ണ കെട്ടുറപ്പ് തരും. (ലൂക്കാ. 2:52). നിങ്ങൾ വഴിതെറ്റരുത്. വഴിതെറ്റാതെ സുവിശേഷത്തിന്റെ



വഴിയേ മുന്നേറണം. ജ്ഞാനത്തിലും അനുസരണത്തിലും വളരാൻ പരിശുദ്ധാത്മാവിന്റെ ലേപനം പുരട്ടി ആത്മശക്തിയോടെ മുന്നേറാം...

**65**. താളങ്ങളിൽ ശ്രുതിലയരാഗങ്ങളിൽ
ഓളങ്ങളിൽ ഒഴുകും പുതുവഞ്ചികളായ്
ഒഴുകുന്ന മോഹങ്ങൾ തളരുമ്പോഴും
മധുരപ്രതീക്ഷയീ കൗമാരമേ

മയിൽപീലി വിരിയിക്കും പുസ്തകത്താളിലെ
സുന്ദരസ്വപ്നങ്ങളടിസ്ഥാനമാക്കിയും
ബാല്യത്തിന്നോർമ്മയിൽ ചാന്തുചാലിച്ചിതാ
മൈലുകൾ നീങ്ങും മനഃക്കോട്ട തീർക്കവേ
മുലക്കല്ലായിടും എന്നേശുതമ്പുരാൻ
നൽകുന്നു സമ്പൂർണ്ണ കെട്ടുറപ്പും

സുവിശേഷ വഴിതെറ്റി മരുഭൂവിലലയുമ്പോൾ
തളിർപോലെ തളരാമാ കൗമാരപ്രായവും
പൊരിയുന്ന വെയിലിനും ദുഷ്ടപാദത്തിനും
കീഴിൽ തളരാതെ വളരുവാൻ പൂക്കുവാൻ
സ്ഥൈര്യമേകി ആത്മശക്തി പകരുന്ന
സ്ഥൈര്യത്തിൻ ലേപനം പൂശി നീങ്ങാം

സ്നേഹമുള്ള സഹോദരി,
നീ സ്വർഗ്ഗത്തിലെത്തുന്നതുവരെ എന്റെ ദുഃഖം മാറില്ല.
നീ എന്താണ് ആത്മഹത്യ ചെയ്തുകളഞ്ഞത്?

ഈശോ എന്നോട് നിന്നെ വന്നു കാണുവാൻ പറഞ്ഞിരുന്നു. നിന്നെ വശീകരിക്കുന്ന നാഥൻ (ഹോസി. 2:14)

നമ്മൾ തമ്മിൽ നേരിൽ കണ്ടിട്ടില്ല. ചിലയിടത്ത് നിന്റെ ഫോട്ടോ കണ്ടിട്ടുണ്ട്. നീ ആത്മഹത്യ ചെയ്തെന്നു കേട്ടപ്പോ ദുഃഖം തോന്നി.

നീ സ്വർഗ്ഗത്തിലെത്താൻ എന്നും പ്രാർത്ഥിക്കും.
ദഹാർത്തനായിതാ... എന്നത് ആ പ്രാർത്ഥനയല്ലേ

ഒരു ഇന്റർവ്യൂവിൽ നീ പറഞ്ഞല്ലോ
ദൈവം മാത്രമേ നിന്നെ മനസ്സിലാക്കൂ എന്ന്..
ആ ദൈവത്തോട് ആരും മനസ്സിലാക്കാത്ത
വഴിപിഴച്ചവരെന്ന് മുദ്രകുത്തപ്പെട്ടവർക്കു വേണ്ടി
കാത്തിരിക്കുന്ന യേശുവിനോട് (യോഹ. 4:6)
പ്രാർത്ഥിക്കണം.

**66**. ദാഹാർത്തനായിതാ നാഥൻ തളരുന്നു
വഴിപിഴച്ചോർക്കായ് ദാഹിക്കുന്നു
തെരുവുകൾതോറും ദാഹനീർ തേടി
അലയുന്ന മക്കൾക്കായ് കാത്തിരിപ്പൂ



കിണറുകൾ ഓരോന്നും വറ്റിവരളുമ്പോൾ
വന്നെത്തുമാമകൾ എന്നരികെ
മാടിവിളിക്കുവാൻ ജീവജലം നൽകുവാൻ
മൗനമായ് നാഥൻ കാത്തിരിപ്പൂ

വശീകരിക്കുന്ന മുല്ലപ്പൂവെന്നപോൽ
തിരുനിണത്തുള്ളിയാൽ ഞാനാകർഷിക്കും
തിരുമുറിവഞ്ചിനാൽ സ്നേഹം പകരുവാൻ
മൗനമായ് നാഥൻ കാത്തിരിപ്പൂ

**67**. കണ്ണുനീർ പൊടിഞ്ഞെൻ കണ്ണുകളിൽ
നിറഞ്ഞൊഴുകി കവിൾത്തടത്തിൽ
അധരം നനച്ച് ചെവിയിൽ തലോടി
തലയണ കുതിർത്തു ആ രാത്രിയിൽ
എൻബന്ധു എൻ ശുദ്ധികവർന്ന രാത്രി.

തിന്മചെയ്തിട്ടവൻ ഒരു വഴിയെ
തിന്മയാൽ തകർന്ന ഞാൻ മറുവഴിയെ
മരിക്കുവാനാശിച്ചതിൻ വഴിതേടവെ
യേശുവിൻ രോദനം ആത്മരോദനം
മാപ്പിനായ് കേഴുന്ന ഹൃദയനൊമ്പരം

കണ്ണീർ കടലിൻ തിരമാലയിൽ
ഇടറി തിന്മതൻ ആഴിയിലായ്



താണു നശിക്കുമ്പോൾ കൈനീട്ടി നാഥൻ
വെള്ളത്തിൻ മീതെ നടന്നുവന്നു
അത്ഭുതമായേശു രക്ഷ നൽകി

പ്രിയ സുഹൃത്തെ,

'സങ്കീർത്തനമാണെനിക്കേറ്റം ഇഷ്ടം'

ആ വാക്കുകൾ ഓർത്ത് ഞാൻ ആകാശം നോക്കി കിടക്കുകയായിരുന്നു. മഞ്ഞുനിറഞ്ഞ ആകാശം. യേശുവിന്റെ രൂപാന്തരീകരണം ഓർത്തു. (ലൂക്കാ. 9:34,35)

ഉടനെ കാർമേഘപടലങ്ങൾ ആകാശം നിറഞ്ഞു. ആ ചിത്രം മനസ്സിൽ നിറച്ചു. സങ്കീർത്തനങ്ങളിൽ മുത്തമിട്ടൂതി.

'കർത്താവ് എന്റെ ഇടയനാകുന്നു'. (സങ്കീർ. 23)

ഉടൻ കാർമേഘം മഴയായി. ഞാൻ നനഞ്ഞു. ജോർദ്ദാന്റെ ഓർമ്മകൾ. പ്രാവിന്റെ രൂപം (ലൂക്കാ. 3:22) മഞ്ഞു മേഘമോ, കാർമേഘമോ, ജീവിതത്തിൽ നിറയട്ടെ. സങ്കീർത്തനം പാടിയ കർത്താവിൽ നിറഞ്ഞു, വേദനയും സന്തോഷവും കീർത്തനമാക്കുക. ആത്മാവിൽ നിറയും.

**68**. മഞ്ഞുപൊതിയുന്ന ആകാശത്താളിലായ്
കാറ്റുകൾ കാർമേഘം ചാലിക്കവേ



പതയുന്ന വിരിയുന്ന ചിത്രമെൻഹൃത്തിൽ
ആമോദമായിരം സ്തുതികൾ മീട്ടി

സങ്കീർത്തനങ്ങളിൽ മുത്തമിട്ടൂതിയ
ഗീതികൾ രാഗത്തിൻ ഭാവമായ്
വാനിൽ തലോടി ആത്മാവിൽ ഗീതം
ഭൂമി നിറഞ്ഞു കുതിർന്നുണർന്നു

ആത്മാവിൻ വർഷം ജോർദ്ദാനുണർത്തി
ആത്മാവ് പ്രാവിന്റെ രൂപമായി
എന്നിൽ തലോടി വരദാനമായി
ഫലമേകി എന്നുമെങ്ങും പോയീടും ഞാൻ

# മൗനനൊമ്പരം

**69. പ്രാർത്ഥന**

**70. കരയാൻ**

**71. നിലവിളി**

**72. അമ്മേ**

**73. കടലിൽ**

**74. പ്രാർത്ഥന**

**75. മയങ്ങല്ലെ**

**76. കരയാൻ (Female Voice)**

**77. തന്നാത്മാവിൽ**

**78. ആരാണ്**

69. പ്രാർത്ഥന:

പരിശുദ്ധാത്മാവായ ദൈവമേ, കരയാനോ എതിർക്കാനോ കഴിയാതെ, അമ്മയുടെ ഉദരത്തിൽ മുറിവേൽക്കുന്ന കുഞ്ഞിളം മനസ്സിന്റെ നൊമ്പരമറിയുവാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങളിൽ വസിച്ച് പിതാവിന്റെ സന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കുന്ന നിന്റെ നെടുവീർപ്പു



കൾ ഞങ്ങൾ സ്വന്തമാക്കട്ടെ. കുരിശിൽ കിടന്നു പ്രാർത്ഥിച്ച പുത്രന്റെ പ്രാർത്ഥന ശ്രവിച്ച പിതാവേ, ഞങ്ങളുടെ നിലവിളി കേൾക്കേണമെ. യേശുവാകുന്ന വചനത്തെ സ്വീകരിക്കുവാൻ പ. കന്യാമറിയത്തിന്റെ ഉദരത്തെ അഭിഷേകം ചെയ്തതുപോലെ ഞങ്ങളെയും അഭിഷേകം ചെയ്യണമെ. മാലാഖമാരുടെ സംശുദ്ധിയോടെ ഈ വചനഗീതങ്ങൾ ആലപിക്കാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഈ ഗീതങ്ങൾ ശ്രവിക്കുന്നവർക്കു മാനസാന്തരവും ആത്മാവിന്റെ സാന്ത്വനവും നൽകണമെ.

ദൈവമേ സ്തോത്രം. ദൈവമേ നന്ദി.

ദൈവം സൃഷ്ടിച്ച പരിശുദ്ധ ഭൂമിയിൽ സഹോദരന്റെ രക്തം വീണു കറപുരുണ്ടപ്പോൾ ദൈവം കായേനോടു ചോദിച്ചു. 'നിന്റെ സഹോദരൻ എവിടെ? നിന്റെ സഹോദരന്റെ രക്തം എന്നെ വിളിച്ചു കരയുന്നു..' (ഉൽ. 4:9,10)

അമ്മയുടെ പരിശുദ്ധ ഉദരം ഇന്നു രക്തപങ്കിലമാകുന്നോ!? മദ്യം നിറഞ്ഞ രക്തം അതിലൂടെ ഒഴുകുന്നോ..? തിന്മ ആ കുഞ്ഞിനെ മുറിവേൽപ്പിക്കുന്നുവോ..?

അമ്മയുടെ ഉദരത്തിൽ കൊല്ലപ്പെടുന്ന കുഞ്ഞിന്റെ രക്തം



നിലവിളിക്കുമ്പോൾ അമ്മയുടെ ഉദരത്തിൽ മുറിവേറ്റു ജനിക്കുന്ന കുഞ്ഞുങ്ങൾ ഹൃദയത്തിൽ നീറി നീറി കരയുന്നു. 2 ദിന. 7:13,14.

NB: ശരീരം മുഴുവൻ സഹിക്കവയ്യാത്ത ശാരീരിക വേദന നാഥൻ തന്നപ്പോൾ (അതു അബോർഷൻ സമയത്ത് സ്ത്രീയിൽ അനുഭവപ്പെട്ടുന്ന വേദനയെന്ന് പിന്നീട് അറിഞ്ഞത്) അറിയാതെ 5 മിനിറ്റ് കൊണ്ട് എഴുതിപ്പോയതാണീ ഗാനം. ആ കുഞ്ഞിന്റെ വേദന നമ്മുടെ ഉൾവിളിയായാൽ നാമെത്ര ഭാഗ്യവാന്മാർ...

70. കരയാൻ അറിയാതെ
എതിർക്കാൻ കഴിയാതെ
അമ്മതൻ ഉദരമാം പൂമെത്തയിൽ
മയങ്ങും കുഞ്ഞിൻ മൗനനൊമ്പരം
കേൾക്കാൻ കഴിയുമോ ഹേ മനുഷ്യാ

താരാട്ടു പാടേണ്ട ഹൃദയരാഗം
ആ ഉദരത്തിൽ കൊലവിളിയായ്
ഉയർന്നാ ശബ്ദം കുഞ്ഞു നടുങ്ങി
കുഞ്ഞിളം മനസ്സിൽ മുറിവുകളായ്

ആ കുഞ്ഞു ഹൃദയത്തിൻ തേങ്ങലുകൾ
അമ്മതൻ സ്വാർത്ഥമാം മോഹങ്ങളിൽ



തകർന്നാ കുഞ്ഞിൻ ജീവനൊടുക്കി
ആ നിലവിളിയെൻ ഉൾവിളിയായ്

എല്ലാം നല്ലതായി സൃഷ്ടിച്ചിട്ടും, (ഉൽ. 1:25) തിന്മ കണ്ട് ഹൃദയം വേദനിച്ച പിതാവിന്റെയും (ഉൽ. 6:6) ജെറുസലേം തിന്മയിലേക്ക് തകരുന്നതു കണ്ടു കരഞ്ഞ യേശുവിന്റെയും ആത്മാവ് നമ്മിൽ നിറയണം.

ആത്മാവിന്റെ ജ്ഞാനത്താലും വിവേചനത്താലും തിന്മ കാണുമ്പോൾ നമ്മളും നിലവിളിക്കണം. എന്റെയും സഹോദരന്റെയും രക്ഷയ്ക്കായി രക്ഷനൽകാൻ നിലവിളിക്കുമ്പോൾ നിലവിളി കേൾക്കുന്ന ദൈവം നമ്മുടെ നിലവിളി കേൾക്കില്ലേ?

നിലവിളി കേൾക്കുന്ന ദൈവം സക്രാരിയിൽ ഇന്നും കാത്തിരിക്കുന്നു. അവിടെ ചേർന്നിരുന്ന് നാഥന്റെ നിലവിളി കേൾക്കാം. വിളി സ്വീകരിച്ച് ഉൾവിളിയാക്കാം. രാപകൽ പ്രാർത്ഥിക്കാം (വിലാ. 2:19) സദാ (2 തിമോ. 1:3) രാവും പകലും സഹോദരന്റെ കണ്ണുനീരും കാണാം. (തിമോ. 1:4)

71. നിലവിളി കേൾക്കുന്ന ദൈവം
നിലയില്ലാ വെള്ളത്തിൽ
നിലതെറ്റും മാനവനായ്

നിലവിളി കേൾക്കുന്ന ദൈവം
നിലവിളിക്കുന്ന ദൈവം

ആ വിളികേട്ടന്നാ ഓളത്തിലുലയുന്ന
വഞ്ചിയിൽ ശയിക്കുന്ന നാഥൻ
ഓളങ്ങളോടോതി നീ ശാന്തമാകൂ
കോളിളകും കടൽ ശാന്തമായി

സക്രാരി തൻ സവിധേ തിരുവോസ്തി രുപനായ്
നാഥൻ കേൾക്കുന്നു നൊമ്പരങ്ങൾ
ആ വിളി കേൾക്കുവാൻ ഉൾവിളിയാകുവാൻ
തിരുവോസ്തി രൂപനിൽ ചേർന്നിരിപ്പൂ.

പഞ്ചസാര ജലത്തിൽ അലിയുമെങ്കിൽ, വെയിലിൽ മഞ്ഞലിയുമെങ്കിൽ, സ്നേഹത്തിൽ അമ്മ അലിയും, അമ്മയുടെ 'വൾനറബിലിറ്റി!' വചനം വന്നപ്പോൾ ആ വചനത്തിൽ അമ്മ അലിഞ്ഞു ചേർന്നു.

വചനം അമ്മയുടെ ഉദരത്തിൽ ഉരുവായി. ഇതെങ്ങനെ സംഭവിക്കും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. (ലൂക്ക. 35)



അമ്മയുടെ താഴ്മയെ ദൈവം കടാക്ഷിച്ചു. ശക്തനായാവൻ വലിയ കാര്യം ചെയ്തു. (ലൂക്ക. 1:48,49)

അമ്മയെപ്പോലെ ആയിരമായിരം പ്രാർത്ഥനയുമായി കാത്തിരിക്കാം... എന്നും "ഇതാ കർത്താവിന്റെ ദാസി" (ലൂക്ക 1:38) എന്നു പറയാം.

**72.** അമ്മേ സ്നേഹത്തിലലിയുന്ന നാഥേ
ആശ നശിച്ചോർക്കു മദ്ധ്യസ്ഥ നീ
അന്ധമാം ലോകത്തിൻ പാപാന്ധകാരത്തിൽ
അസ്തമിക്കുന്നോർക്കാലംബമേ

സ്വർല്ലോക രാജ്ഞി ആനന്ദിക്കാം
ഹല്ലേലൂയാ ഹല്ലുലൂയാ

അന്നോരായിരം പ്രാർത്ഥന തിങ്ങിയ
അമലയായ് കന്യക കാത്തിരുന്നു
അനന്തമാം വചനം മാംസം ധരിക്കുവാൻ
അമ്മതൻ ഉദരം അഭിഷിക്തമായ്

സ്നേഹമാം വചനം മാംസം ധരിക്കുവാൻ
സമർപ്പണം ചെയ്തുതൻ ഉദരം
അമ്മതൻ താഴ്മയെ താതൻ കടാക്ഷിച്ചു
അശക്തയാം അമ്മ അതിശക്തയായ്



സർവ്വശക്തനായി നടന്നടുക്കുന്ന നാഥന്റെ കാലൊച്ചയിലും ദൈവസ്വരം.... വചനം ഒരുക്കുന്നു, ഉഴുതുമറിച്ച്. (ലൂക്കാ. 3:4,5) വിതക്കാരന്റെ ഉപമയും കാണുക. (ലൂക്ക. 8:15)

അതു സൗഖ്യം നൽകും. (സങ്കീ. 107:20) ജീവൻ നൽകും (ഐസ. 37:4,10) (യോഹ. 11:44) തിരുത്തുന്നു. (2 തിമോ. 3:16) ഭക്ഷണവുമാകുന്നു.

ആത്മാവും ജീവനുമായി (യോഹ. 6:68) ഇന്നും ദിവ്യകാരുണ്യമായി പുതിയ ഉടമ്പടിയായി നമ്മുടെ കൂടെ ആയിരിക്കുന്ന നാഥനെ (1 കൊറി. 11:23,26) എന്നും കേൾക്കാം. പ്രപഞ്ചം മുഴുവൻ പുതിയതാകും.

**73.** കടലിന്നലപോലെ കാതിൽ നിൻ വചനം
കാലൊച്ചയായ് അരികിലെത്തും നിൻ തിരുവചനം
ഉഴുതു മറിക്കും മലകൾ നിരത്തും കുഴി നിറച്ചീടും
കളകൾ നീക്കും വിത്തു മുളുക്കും വെട്ടിയൊരുക്കീടും

സൗഖ്യമാവുക എന്നെൻകാതിൽ ഓതും തിരുവചനം
ബാലികേ ഉണരൂ ലാസർ ഉയിർക്കൂ എന്നോതും തിരുവചനം



മേലിൽ പാപം അരുതെന്നോതും സാന്ത്വനം നിൻ വചനം
ഭക്ഷണമായ് നീ നിത്യം നൽകും മധുരം നിൻ വചനം

ആത്മാവും നൽ ജീവനുമാകും വചനം ഒഴുകട്ടെ
അന്നന്നപ്പം എന്നും നൽകും വചനം ഒഴുകട്ടെ
ഇതെൻ ശരീരം ഇതെന്റെ രക്തം എന്നോതും നിൻവചനം
നിൻ വചനത്തിൽ പ്രപഞ്ചഗോളം പുതുതായ് തീർന്നിടും

**74.** പ്രാർത്ഥന

പിതാവായ ദൈവമേ കുഞ്ഞിളം മനസ്സിൽ മുറിവേറ്റു തളരുന്ന നിന്റെ മക്കളുടെ പ്രാർത്ഥന കേൾക്കണമേ. മനുഷ്യമജ്ജയിൽ പോലും പാപവിഷം തിങ്ങി മരണം അലറുന്ന സിംഹമായ് പതിയിരിക്കുമ്പോൾ നിന്റെ പുത്രന്റെ തിരുനിണത്താൽ ഞങ്ങളെ രക്ഷിക്കണമേ. ആ തിരുനിണത്താൽ ഞങ്ങൾ ലഹരിപിടിക്കട്ടെ. ആ ദിവ്യലഹരിയിൽ ശത്രുവും ഞങ്ങൾക്ക് പ്രിയനാകട്ടെ. താതന്റെ ഇഷ്ടം കൈക്കൊണ്ടു മരിച്ചു ഉത്ഥിതനായ യേശുവേ നിന്റെ ആത്മാവിനാൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. മുറിവേറ്റ നിന്റെ മക്കൾ സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്ന സ്വർഗ്ഗീയ ദർശനം ഞങ്ങൾക്കു നൽകണമേ. ആ ദർശനം കണ്ടു പുതുപുത്തൻ ലഹരിയിൽ എന്നും നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച്, അലറുന്ന സിംഹത്തെപ്പോലെ (1 പത്രോ. 5:8)

ജഡികരായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും (റോമ. 8:13)

നമുക്കു ചുറ്റും സ്ഥിതിചെയ്യുന്ന തിന്മകളെ അറിയാം, അവ പരിശുദ്ധാരൂപിയുടെ ആലയമായ ശരീരത്തെ നശിപ്പിക്കുന്നു. (1 ദിനവൃ. 7:13,14)

പാപകരമായതെല്ലാം നമ്മിൽ നിന്നകലട്ടെ. ഓർക്കുക നമ്മുടെ പോരാട്ടം രക്തത്തിനോ, മാംസത്തിനോ, എതിരല്ല. ആത്മീയ ഇടങ്ങളിലുള്ള അന്ധകാര ശക്തികൾക്കെതിരെയാണ് (എഫേ. 6:12) യേശുവിന്റെ രക്തമതിന് ശക്തി... (യോഹ. 1:7)

NB: പ്രപഞ്ചം മുഴുവനിലും നിറയുന്ന പാപാവസ്ഥ, മനസ്സിൽ ഉയർത്തിയ വരികളാണിവ. ആ വരികൾ മയക്കുമരുന്നിനെക്കുറിച്ചാണെന്ന് പലർക്കും തോന്നുന്നുവെങ്കിൽ മയക്കുമരുന്നെന്ന മരണദൂതൻ പാപകരമായി എത്രയോ വർദ്ധിച്ചിരിക്കുന്നു?



**75.** മയങ്ങല്ലെ മനുഷ്യാ നീ മൃത്യു നിൻ പിമ്പിൽ
അലറുന്ന സിംഹമായ് പതിയിരിക്കുന്നു
നിൻ മജ്ജയിൽ പോലും പാപത്തിൻ വിഷം തിങ്ങി
മൃത്യു വിളിക്കുന്ന വിളി കേൾക്കുന്നു

എല്ലാം മറക്കുവാൻ മറന്നൊന്നു മയങ്ങുവാൻ
ആനന്ദലഹരിയിൽ മുങ്ങുവാൻ
കാണാത്ത കാഴ്ചകൾ ഏറെ ദർശിക്കുവാൻ
പിഞ്ചെന്ന വഴിയിതാ മരണമാകുന്നു

യേശുവിൻ മാറിലെ തിരുനിണത്തിൻ തുള്ളികൾ
എൻ ജീവിതത്തിലെന്നും ലഹരിയാകുന്നു
ആ ദിവ്യലഹരിയിൽ സ്വർഗീയ ദർശനം
പുതുപുത്തൻ ലഹരിയായ് പുതുരാഗമായ്

**76.** കരയാൻ (Female Voice)

പിതാവിന്റെ ആത്മാവ് പുത്രനിലും...

പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്... തൃത്വത്തിലെ മൂന്നാൾ ഒന്നായിരിക്കുന്നു. ആ ആത്മാവിന്റെ രോദനം നാം കേൾക്കുന്നു.



പുത്രനിൽ എല്ലാം നല്ലതായി (ഉൽപ്പ. 1:25) സൃഷ്ടിച്ച പിതാവ് തിന്മ കണ്ടപ്പോൾ അവിടുത്തെ ഹൃദയം വേദനിച്ചു. (ഉൽപ്പ. 6:6)

പുത്രനിലും ആ രോദനം മുഴങ്ങി...

പുത്രൻ കരഞ്ഞു ജറുസലെത്തെ നോക്കി (ലൂക്കാ. 19:41) ലാസറിന്റെ കുഴിമാടത്തിൽ (യോഹ. 11:33,35,38) അവിടുന്ന് കരഞ്ഞു.

ഹെബ്രായർ നോക്കുക (ഹെബ്രാ 5:7)

ഈ ആത്മാവിന്റെ രോദനമാണ്, പിതാവിൽ നിന്നും പുത്രനിൽ നിന്നും നാം കേൾക്കുക.

ആ രോദനം പുത്രനെ ലോകത്തിലേക്കയച്ചു. ലോകത്തിനു രക്ഷ നൽകാൻ. പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ, കുരിശോളം അനുസരണയുള്ളവനായി (ഫിലി. 2:8) കുർബ്ബാനയിൽ ഇന്നും ബലിയായി പങ്കു വയ്ക്കുന്നു.

**77.** തന്നാത്മാവിൽ രോദനമായ് താതനന്നോതി
തന്മടിയിൽ ശയിക്കുന്ന പുത്രനുണർന്നു
പോകുക നീ എൻ മകനെ മാനവരക്ഷയ്ക്കായ്

താതനിഷ്ടം പങ്കുവച്ചു
താതനിഷ്ടം സ്വന്തമാക്കി



താതനിഷ്ടം ക്രൂശുമായ്
യേശുവിന്റെ തോളിലായി
സ്വന്തം ഇഷ്ടം പേറിയോർക്കായ്
ക്രൂശിതനായി

ലോക രക്ഷയേകിടുവാൻ
സ്വർഗ്ഗലോകം സ്വന്തമാക്കി
ഉത്ഥിതനായി കൂടെ
വസിക്കാൻ എന്നുമെന്നും
സാന്ത്വനത്തിൽ താതനേകും
ആത്മനെയേകി

ആരാണ് എന്റെ അയൽക്കാരൻ (ലൂക്കാ. 10:29)

അന്ന് ഈശോ നല്ല സമറിയാക്കാരന്റെ ഉപമ അരുൾ ചെയ്തു.

മുറിവേറ്റതിനെ തേടിയലയുന്ന, തൊണ്ണൂറ്റി ഒമ്പതിനെയും വിട്ട്, ഒന്നിനെത്തേടുന്ന നല്ലിടയൻ (യോഹ. 10:11,14) (ലൂക്കാ. 15:14)

സ്വന്തം ശരീരത്തെ ആരും വെറുക്കാറില്ല.

നമ്മളെല്ലാം ഒരു ശരീരമാണ്. (1 കൊറി. 10:16,17) സ്വന്തം അവയവം മുറിവേറ്റാൽ നാമതിനെ സ്നേഹിക്കുന്നു. അതുപോലെ നമ്മുടെ സഹോദരനെയും സ്നേഹിക്കാം. മുറിവുണക്കാം. (ലൂക്കാ. 10:34)

മാനസിക രോഗികൾ, മന്ദബുദ്ധികൾ, തെരുവുവീഥികളിലെ ബാലികാബാലന്മാർ, ജയിൽവാസികൾ, ചുവന്നതെരുവിലെ മക്കൾ.... എല്ലാവരെയും നമുക്ക് സ്നേഹിക്കാം.

**78.** ആരാണ് സോദരൻ നിൻ പ്രിയനാരെന്ന്
എൻ പ്രിയനീശോ ചോദിച്ചൊരുനാൾ
നാഥാ നിൻ പ്രിയൻ എൻ പ്രിയനാണെന്ന്
ചൊല്ലീ എന്നുള്ളം ആ നിമിഷം.

നാഥാ നിൻ പ്രിയനാരെന്ന് ചൊല്ലിയാൽ
എൻ പ്രിയനായ് ഞാൻ സ്വീകരിക്കാം
നിൻ പ്രിയനെ അറിഞ്ഞെൻ സ്വന്തമാക്കുവാൻ
ഉൾക്കാഴ്ചയേകുന്ന ജ്ഞാനമേകൂ

പ്രിയമൊട്ടുമില്ലാതെ നൊമ്പരമേകുന്ന
ശത്രുവാണെന്നുടെ പ്രിയ സോദരൻ
പ്രിയമൊട്ടും തോന്നാത്ത നൊമ്പരം പേറുന്ന
വ്രണിതനാം മാനവനെൻ സോദരൻ



# ജപമാല

**79. സന്തോഷം**
**80. പ്രകാശം**
**81. ദു:ഖം**
**82. മഹിമ**
**83. സഹനം**
**84. വിവാഹം**

## 79. സന്തോഷസുമം

1. ലൂക്ക. 1 : 26 ff
ഒന്നാം സന്തോഷപുഷ്പം വിരിയുന്നു
മംഗലവാർത്ത തൻ പുഷ്പം വിരിയുന്നു
മറിയത്തിൻ ഉദരത്തിൽ ഉണ്ണി വിരിഞ്ഞീടും
പുരുഷനറിയാതിതെങ്ങനെ സംഭവിക്കും
സ്വർഗ്ഗീയശക്തിയാം ആത്മാവാവസിക്കും
അവനോ പരിശുദ്ധനെന്നു വിളിക്കപ്പെടും

2. ലൂക്ക. 1 : 39-56
രണ്ടാം സന്തോഷപുഷ്പം വിരിയുന്നു
സന്ദർശനത്തിന്റെ പുഷ്പം വിരിയുന്നു



മറിയമേലീശ്വായെ സന്ദർശിച്ചീടുന്നു.
ഏലീശ്വാക്കിന്നിതാ ആറാം മാസമല്ലെ
ഗർഭസ്ഥനേശുവുമൊത്തമ്മയെത്തീടുമ്പോൾ
ഉദരത്തിൽ യോഹന്നാൻമൗന്ദാന കുതിച്ചുചാടി

3. മാത്യു 1 : 18-25 ലൂക്ക. 2 : 1-20
മൂന്നാം സന്തോഷപുഷ്പം വിരിയുന്നു
പിറവി തിരുനാളിൻ പുഷ്പം വിരിയുന്നു
മഞ്ഞുള്ളൊരു രാത്രിയിൽ യേശു ജനിക്കുന്നു
പുൽക്കൂട്ടിൽ രക്ഷനേശു പിറക്കുന്നു
അത്യുന്നതങ്ങളിൽ സ്തുതി മുഴങ്ങുന്നു
സന്മനസ്സുള്ളോർക്കു ശാന്തിയേകുന്നു

4. ലൂക്ക 2 : 21-38
നാലാം സന്തോഷപുഷ്പം വിരിയുന്നു
ജറുസലേം ആലയം ബലിവേദിയാകുന്നു
മാതാവുണ്ണിയെ ബലിയായ് നല്കുന്നു
താതനാമകനെ തിരികെ നല്കുന്നു
ശിമയോനാ കുഞ്ഞിൽ ശാന്തി നേടുന്നു
അന്നയും ആ നിമിഷം സ്തുതികളാൽ പാടുന്നു

5. ലൂക്ക 2 : 24-52
അഞ്ചാം സന്തോഷപുഷ്പം വിരിയുന്നു



നഷ്ടപ്പെട്ടെന്നു കരുതിയ യേശുവിനെ
ദേവാലയത്തിൽ കണ്ടുമുട്ടുന്നു
അമ്മയവയെല്ലാം ഹൃദയത്തിൽ ഗ്രഹിക്കുന്നു
ഞാനെൻ താതന്റെ ഭവനത്തിലാണല്ലൊ.
എന്നോതി യേശുതൻ ദൗത്യം വെളിവാക്കുന്നു

## 80. പ്രകാശം

ജോർദ്ദാൻനദി രക്ഷകിരണം വിരിക്കുന്നു
യോഹന്നാനരികെ ഈശോ നില്ക്കുന്നു
സ്നാനം നല്കുവാൻ നദിജലം ഒഴുക്കുന്നു
സ്വർഗ്ഗം തുറക്കുന്നു ആത്മാവിറങ്ങിടുന്നു
ഇവനെന്റെ പ്രിയപുത്രൻ എന്ന സ്വരമുണ്ടായ്
ലോകത്തിൻ പാപം നീക്കുന്ന കുഞ്ഞാടുതാ

കാനായിൽ അത്ഭുതകിരണം വിരിയുന്നു
കല്യാണാഘോഷങ്ങൾ പൂത്തലയും ഭവനം
ദു:ഖത്തിൽ കാർമേഘം ഇരുളുപുതക്കും മുമ്പേ
മാതാവ് മാദ്ധ്യസ്ഥ്യമായ് ഈശോ തന്നരികിൽ
ആറുഭരണിയിൽ വെള്ളം നിറഞ്ഞിടുന്നു
ഈശോ വെള്ളം വീഞ്ഞാക്കി മാറ്റുന്നു

ഓ! ദൈവരാജ്യം ഈശോയിൽ അരികെയായി
അനുതാപം വിശ്വാസനാളം തെളിക്കട്ടെ

സുവിശേഷം ജീവിതയാത്രമാകട്ടെ
വാനമേഘത്തിൽ ഞാൻ വരുംനാൾ വരെയും
ദൈവിക അടയാളം കണ്ണു തെളിച്ചിടുമ്പോൾ
ഹൃദയം ജ്വലിക്കും ദർശിക്കും ദൈവരാജ്യം

താബോർമലയിതാ ശോഭയിൽ മുങ്ങുന്നു
യേശുവിൻ മുഖഭാവം കാന്തിയാൽ ജ്വലിക്കുന്നു
കാണ്മൂതൻ വസ്ത്രം വെണ്മയേറിയതായി
ശിഷ്യർ കൂടാരം തീർക്കാൻ കൊതിക്കുന്നു
മോശയും ഏലീയായും കൂടെയാകുന്നു
പ്രിയപുത്രൻ ഈശോ സൗഖ്യമാകുന്നു

അന്ത്യത്താഴം സ്നേഹമാകുന്നു
യേശു ശിഷ്യർതൻ പാദം കഴുകുന്നു
അപ്പവും വീഞ്ഞും ഈശോയാകുന്നു
സ്നേഹാത്ഭുതമിതാ കണ്ണു തുറക്കുന്നു
പരമ ദിവ്യകാരുണ്യത്തിൻ അമ്മയൊപ്പം
സ്നേഹാത്ഭുതം സ്വർഗ്ഗയാത്ര തെളിക്കുന്നു.

കൊന്തമണി മുഴക്കീടുന്നു
പ്രാർത്ഥന ഉയരുന്നു.

92

## 81. ദുഃഖസുമം

1. മാത്യു 26 : 36 ff മർക്കോ. 14 : 22-42 ലൂക്ക 22 : 39-46
ഒന്നാം ദുഃഖത്തിൻ പുഷ്പം വിരിയുന്നു
രക്തം വിയർക്കുന്നു ഗദ്സമെൻ തോട്ടത്തിൽ
കഴിയുമോ താതാ ഈ പാനപാത്രം നീ
നീക്കണമെന്നു കേണൂ തളരുന്നു
എങ്കിലും താതന്റെ ഇഷ്ടം നിറവേറ്റാൻ
ഉരുകുന്നു ആ ദേഹം രക്തസമമാകുന്നു

2. ലൂക്ക 22 : 63 മാത്യു 26 : 67-68 മാർക്കോ 14 : 65
യോഹ. 18 : 22-24 യോഹ. 19 : 1
രണ്ടാം ദുഃഖത്തിൻ പുഷ്പം വിരിയുന്നു
ചമ്മട്ടിയടിയുടെ ശബ്ദം മുഴങ്ങുന്നു
മുഖംമൂടിക്കെട്ടിയാമുഖത്തടിച്ചീടന്നു.
മുഷ്ടികൊണ്ടിടിച്ചവർ സ്നേഹത്തിൻ നാഥനെ
ആരാണു നിന്നെയടിച്ചെന്നു ചൊല്ലീടുമോ?
ചോദിക്കുന്നു പിന്നെ ചമ്മട്ടിയടിയേകുന്നു.

3. മർക്കോ. 15 : 16-20 യോഹ. 19 : 1,2,3 മത്താ. 27 : 27-31
മൂന്നാം ദുഃഖത്തിൻ പുഷ്പം വിരിഞ്ഞിടുന്നു
മുൾമുടിചൂടിച്ചവഹേളിച്ചീടുന്നവൻ

93

വലതുകൈയ്യിലൊരു ഞാങ്ങണ നല്കീടുന്നു
രാജാവേസ്വസ്തിയെന്നവഹേളിച്ചീടുന്നു
ഞാങ്ങണ വാങ്ങിയാ നാഥന്റെ ശിരസ്സിലവർ
ക്രൂരമായ് അടിക്കുന്നു മുള്ളുതറച്ചീടുന്നു

4. മത്തായി 27 : 32 മർക്കോ. 15 : 20 ലൂക്ക. 23 : 26-31
യോഹ. 19:16-17
നാലാം ദുഃഖത്തിൻ പുഷ്പം വിരിയുന്നു
ക്രൂശുമായേശു കാൽവരി കയറുന്നു
ക്രൂശുചുമന്നേശു മൂന്നോളം പ്രാവശ്യം
വീഴുമ്പോൾ ക്രൂരമായ് പീഡനമേൽക്കുന്നു
ക്രൂശിൻ വഴിയിൽ ചേർന്ന മാതാവിൻ
ദുഃഖം കണ്ടവർ മുഖം തിരിച്ചീടുന്നോ?

5. മാത്യു 27 : 32 ff മർക്കോ. 15 : 21-32 ലൂക്ക 23 : 26-42
യോഹ. 19 : 17-27
അഞ്ചാം ദുഃഖത്തിൻ പുഷ്പം വിരിയുന്നു
വസ്ത്രമുരിഞ്ഞവർ അതിനായ് കുറിയിട്ടു
ക്രൂശിച്ചേശുവിനെ ഉയർത്തുന്നു തൂക്കുന്നു
യേശു തൻ താതനിൽ ആത്മാവേകിടുന്നു
മരിച്ചുകഴിഞ്ഞെന്നു കണ്ട പടയാളികൾ
ക്രൂരമായി തൻവിലാവിൽ കുന്തത്താൽ കുത്തുന്നു

94

## 82. മഹിമസുമം

1. ലൂക്ക 24 : 1 ff മാത്യു 28 : 1-10 മർക്കോ. 16 : 1-8
യോഹ. 20 : 1-10
ഒന്നാം മഹിമതൻ പുഷ്പം വിരിയുന്നു
മരിച്ചു മൂന്നാംനാൾ ഉത്ഥാനം ചെയ്തിടുന്നു
കല്ലറവാതിലിൻ ചങ്ങല പൊട്ടീടുന്നു
മഗ്ദലമേരിയാ വാർത്തയറിഞ്ഞീടുന്നു
ആവാർത്ത കേട്ടോടിയെത്തിയ ശിഷ്യരോടായ്
മാലാഖ ഉത്ഥാന വാർത്തയറിയിക്കുന്നു.

2. ലൂക്ക 24 : 50-53 മർക്കോ. 16 : 19-20 അപ്പ. 1 : 9-11
രണ്ടാം മഹിമതൻ പുഷ്പം വിരിയുന്നു
നാല്പതാം നാളിൽ സ്വർഗ്ഗാരോഹണമായ്
ഇനിയിതാ യേശുതൻ താതൻ വലംഭാഗേ
ആരോഹണം പോലെ തിരികെ വന്നീടും
യേശുപിതാവിന്നരികെ വസിക്കും പോൽ
യേശുവിൽ നാം വാസഗേഹം തേടേണം

3. അപ്പ. 1 : 14 2 : 1-4 ff
മൂന്നാം മഹിമതൻ പുഷ്പം വിരിയുന്നു
തീനാള രൂപത്തിലാത്മാവിറങ്ങിടുന്നു

95

ദുഃഖം വേണ്ടെന്നുയാത്രയിൽ ചൊല്ലിയേശു
വരുന്നിതാവേഗം ആശ്വാസദായകൻ
അരുളിയപോൽ അമ്മയിലും ശിഷ്യരിലും
തീനാളരൂപത്തിലാത്മാവിറങ്ങിടുന്നു

4. (ലൂക്ക 1:46-56) മാതാവിന്റെ കീർത്തനം
നാലാം മഹിമതൻ പുഷ്പം വിരിയുന്നു
മാതാവു സ്വർഗ്ഗത്തെക്കെടുക്കപ്പെട്ടിടുന്നു
കർത്താവു ദാസിയുടെ താഴ്മയെ കടാക്ഷിച്ചു
വിനീതഹൃത്തിനെ താതനുയർത്തീടുന്നു
യേശുവിനോടൊപ്പം നമ്മെ ചേർക്കുവാൻ
സ്നേഹത്തിലലിഞ്ഞിതാ മാതാവുയരുന്നു

5. വെളിപാട് 12 : സുഭാഷിതങ്ങൾ 9 : 1-16
അഞ്ചാം മഹിമതൻ പുഷ്പം വിരിയുന്നു
അമ്മയെ താതൻ ത്രിലോക രാജ്ഞിയായ്
മുടിധരിപ്പിക്കും രഹസ്യം വിരിയുന്നു
ഇനിമുതൽ അമ്മ ഭാഗ്യവതിയെന്നു
സകല തലമുറയും എന്നും കീർത്തിക്കും
അമ്മയെ പന്ത്രണ്ടു നക്ഷത്രമലങ്കരിക്കും.



## 83. സഹനം

ഓ! സഹനമേ എന്റെ സഹോദരി, നിന്നെ രൂപപ്പെടുത്തിയ ദൈവത്തിന്റെ ജ്ഞാനം എത്രയോ അപാരം.

ഒരു അമ്മയുടെ ഉദരത്തിലാണ് നീ രൂപപ്പെട്ടതെങ്കിൽ ആ അമ്മയുടെ ഉദരത്തിൽത്തന്നെയാണ് ഞാനും രൂപപ്പെട്ടതെന്നും ആ ഉദരത്തിൽ നിന്നുതന്നെയാണ് ഞാനും പിറന്നതെന്നും ആത്മീയമായി ഞാൻ വിശ്വസിക്കട്ടെ.

നീ പിറന്ന സ്ഥലം പുൽക്കൂടുപോലെ ഞാൻ ഓമനിക്കും.

നീ മഹത്വപ്പെട്ടത് കാൽവരിയിൽത്തന്നെ. മനുഷ്യൻ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു എന്നുകണ്ട പിതാവായ ദൈവംതന്നെ നിന്നെ ഹൃദയത്തിൽ സ്വീകരിച്ച നിമിഷമാണോ/പിതാവിന്റെ ഹൃദയം വേദനിച്ച നിമിഷമാണോ/ നീ മുത്തുച്ചിപ്പിപോലെ ഉരുവായത്?

കായേൻ ആബേലിനെ കൊന്ന സമയം എങ്ങനെ നീ പിതാവിന്റെ ഹൃദയത്തിൽ പ്രവേശിച്ചു.

'പുത്രനെ ബലികഴിക്കുക' എന്ന ആജ്ഞാസ്വരത്തിൽ/ പിതാവാസഹനം/അബ്രഹാമിനു പങ്കുവച്ചതോ അബ്രഹാമിൽ ചേർത്തുവച്ചതോ?

പൊട്ടക്കിണറ്റിൽ പൊടിഞ്ഞ, പൂർവ്വപിതാവു



ജോസഫിന്റെ രക്തത്തിൽ/രക്തത്തിന് നിന്റെ രക്തത്തിന്റെ നിറം തന്നെയോ?

മോശയും അഹറോനും നിന്റെ സ്വന്തമായിരുന്നോ?

സത്യപ്രവാചകന്മാർ നിന്നെ വാരിപുണർന്നു. നിന്നെ സ്വന്തമാക്കാൻ അവർ മത്സരിച്ചു.

വചനം എഴുതപ്പെട്ട(പ്പോൾ) തൂവൽത്തുമ്പുകളിൽ വിടർന്നത് നിന്റെ രക്തമോ ഹൃദയമോ?

ഓ! സഹനമേ

നീ എന്റെ സ്വന്തം

ഇതാ കർത്താവിന്റെ ദാസി എന്ന സ്വരത്തിൽ നീ പുളകിതയായി. മറിയത്തിന്റെ, പരിശുദ്ധ അമ്മയുടെ ഹൃദയത്തിൽ നീ പെരുകി-പുതിയതായി.

പുൽക്കൂട്ടിൽ സ്തുതികളായി, കാൽവരിയിൽ രക്ഷതൻ സ്വരമോ, മുഴക്കമോ... നീ.

കുരിശിൽ അഞ്ചു തിരുമുറിവുകളിൽ എങ്ങനെ നീ ഒന്നായി?

കുരിശിൻചുവട്ടിലെ അമ്മയും മകനും നിന്നെ ലഘുവാക്കിയോ? വാക്കുകൾ ചേർക്കാനില്ലിവിടെ.



വിശുദ്ധർ നിന്നെ വാരിപുണർന്നു. തലകീഴേ ക്രൂശിക്കപ്പെട്ടപ്പോൾ, ശിരസ്സു ഛേദിക്കപ്പെട്ടപ്പോൾ, അപ്പസ്തേലന്മാരിൽ നീ രൂപാന്തരപ്പെടുകയായിരുന്നു.

പഞ്ചക്ഷതധാരികളിൽ നീയെങ്ങനെ/നീതന്നെ ക്രൂശിതനെ ചേർത്തു.

വി. കൊച്ചുത്രേസ്യായിൽ 'സ്നേഹം എല്ലാം സഹിക്കുന്നു' എന്ന വചനം നീ സ്വർഗ്ഗീയസ്വർണ്ണത്തിലാണോ മുക്കിയത്? അതോ എന്നും ഒഴുകുന്ന ക്രൂശിതന്റെ രക്തത്തിലോ?

ഓ! സഹനമേ, എന്റെ സഹനമേ! വി. കൊച്ചുത്രേസ്യായിലും വി. മാക്സ്മില്യൻ കോൾയിലും ടീബിയെ നീ ഉമ്മവച്ചു.

വി. മാക്സ്മില്യൻ കോൾബെയിലെ, പടയാളികൾ കുത്തിയ വിഷം, രക്തസാക്ഷിയായി, രക്തസാക്ഷ്യമായി നീ രൂപാന്തരപ്പെടുത്തി.

അശുദ്ധിയകറ്റാൻ ലോകം മുഴുവൻ വിശുദ്ധീകരിക്കുവാൻ നീ ഞങ്ങളുടെ അവയവങ്ങളിൽ കുമിളകൾ ഉണർത്തു.

ഇന്നിതാ സഹനത്തെ സ്വാഗതം ചെയ്യുവാൻ നീയൊരുക്കിയ എന്റെ കൂട്ടയ്മയുടെ ഭവനമേ! നിന്നെ ഞാൻ എങ്ങനെ അലങ്കരിക്കും?

എന്റെ സഹനങ്ങളെ ഈശോയുടെ സഹനങ്ങളിൽ മുക്കുമോ? അവ മുത്തുക്കളായി എന്റെ കൂട്ടായ്മയുടെ ഭവനത്തെ അലങ്കരിക്കുവാൻ ഒരു Bouquet ആയി അവ അൽഫോൻസാമ്മ അടുക്കിത്തരും.

സഹനങ്ങളെ വാരിപുണരുന്ന കൂട്ടായ്മയുടെ ഭവനത്തിന്റെ വാതിൽപടിയിൽ സഹനം വന്നു വാതിൽ കൊളുത്തിൽ പിടിച്ചപ്പോൾ സഹനത്തിന്റെ പരിമളതൈലം! അഭിഷേകതൈലം അതിൽ തഴുകിയുണർത്തിയ പരിമളം സ്നേഹത്തിന്റെ പരിമളം തന്നെ.

മാതാവിന്റെ ഹൃദയമാകുന്ന അരുളിക്കായിൽ ദിവ്യകാരുണ്യ ഈശോ വസിക്കുന്നതിനുമുമ്പിൽ ലോകം മുഴുവൻ സ്വാർഗ്ഗാദിസ്വർഗ്ഗങ്ങളും സകല വിശുദ്ധരും മാലാഖമാരും ആത്മാവിൽ ഒന്നാകുവോളം പിതാവേ സഹനത്തെ ഞങ്ങളുടെ ഭവനത്തിൽ താമസിപ്പിക്കുക.

അതു പൂർത്തിയാകുമ്പോൾ സഹനം സ്നേഹമായി മാറും തീർച്ച.

സ്നേഹം.... സഹനം

സ്നേഹം എല്ലാം സഹിക്കുന്നു

സഹനം സ്നേഹമുണർത്തുന്നു.

ആമ്മേനീശോ.



# 84. വിവാഹം

ചില സ്ഥലങ്ങളിൽ വരൻ വധുവിന് കാഴ്ചവസ്തുക്കൾ സമർപ്പിച്ചു വധുവിനെ കൂട്ടിക്കൊണ്ടുപോകുന്ന പതിവുണ്ട്. കിടക്ക, കട്ടിൽ, അലമാര.... പുരുഷധനത്തുക എന്നിവ വധുവിനെത്തിക്കും. അത്തരം ഒരു സാഹചര്യത്തിൽ കണ്ട ഒരു പരസ്യം.

വരൻ വധുവിനെ അന്വേഷിച്ചിറങ്ങുന്നു ഉടൻ മൂന്നുദിവസം ഒളിൽ പോകും അതിനുമുമ്പേ വന്നാൽ നമുക്കു വരിക്കാം ഞാൻ മനുഷ്യരുടെ കൈകളിലാണ്. അതിനാൽ സ്നേഹഭാജനമേ വേഗം അന്വേഷിച്ചു വരുമോ?

വധുവിനു ശയ്യ: സ്വർഗ്ഗസുന്ദരിയുടെ സ്വന്തം അനുസരണം

പുരുഷധനം: സ്വർഗ്ഗരാജ്യം

സ്ഥലം: അന്വേഷിച്ചു കണ്ടെത്തുക

വഴി: സ്നേഹം

ഈ പരസ്യം കണ്ടപ്പോൾ എന്റെ ആത്മാവു തേങ്ങി. വധുവിനുള്ള ശയ്യ ഇഷ്ടമായി തോന്നി. ‘അനുസരണം ശയ്യ’യോ? സ്വർഗ്ഗസുന്ദരിയുടെ സ്വന്തം അനുസരണം?

മണവാട്ടിക്കു ശയ്യയായി കുരിശു സമ്മാനിക്കുന്നതായി വിശുദ്ധരോടു സംസാരിച്ചതായി കേട്ടിട്ടുണ്ട്. സ്വർഗ്ഗസുന്ദരിയുടെ സ്വന്തം അനുസരണം ശയ്യയായി സ്വീകരിക്കുന്ന



മണവാളന് പുരുഷധനമായി സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ? എന്തൊക്കെയോ തോന്നി.

ഇനി സ്ഥലം കണ്ടെത്തണം വഴി പറഞ്ഞു കിട്ടിയല്ലോ, പരസ്യത്തിൽ ‘സ്നേഹ’മാണു വഴി.

എല്ലാം കേട്ടു തഴമ്പിച്ച പദങ്ങൾ, ആ പദങ്ങൾ കൂടിച്ചേർന്നപ്പോ സ്വല്പം പുതുമ തോന്നി.

പക്ഷെ ആക്കം കിട്ടുന്നതുപോലെ തോന്നിയില്ല. മുമ്പോട്ടു പാദങ്ങൾ അടിവച്ചടിവച്ചു നീങ്ങുന്ന ലക്ഷണവുമില്ല. പിന്നെ കാലെടുത്തുവയ്ക്കും ചുറ്റും നോക്കുമ്പോ പഴയതുപോലെ തന്നെ. ‘ഞാൻ കരഞ്ഞു’ വല്ലാതെ കരഞ്ഞു.

പക്ഷെ കുറെ കഴിഞ്ഞു ഒരു വെളിച്ചം കയറിവന്ന സ്ഥലത്തുകൂടി നോക്കിയപ്പ മനസ്സിലായി, ഞാൻ ആഗ്രഹിച്ചപ്പോഴെ ഒരു ദേവാലയത്തിലനകത്തായിരുന്നു അതിലെ സക്രാരിയിൽ വസിക്കുന്നവൻ എന്നെ ആകർഷിക്കുന്നുണ്ടായിരുന്നു, ഞാൻ വസിക്കുന്ന ആലയം എന്നെയും കൂട്ടി നീങ്ങുകയായിരുന്നു. ആലയത്തിനു പുറത്തുള്ളതെല്ലാം പുറകോട്ടുപോകുന്നപോലെ. അതിൽ നിന്നും മനസ്സിലായി ഞാനിരിക്കുന്നിടം എന്നെയും വഹിച്ചു നീങ്ങുന്നുണ്ടെന്ന്.



സ്വല്പം ഹൃദയമിടിച്ചപ്പം ആരോ മന്ത്രിച്ചു “എന്റെ അടുത്തു വരൂ ഞാനാശ്വസിപ്പിക്കാം”

എനിക്കവിടുന്നു സക്രാരി തുറന്ന് ജീവന്റെ അപ്പം തന്നു, അതു ഭക്ഷിച്ചപ്പോ ഞാൻ പണ്ടേ ആഗ്രഹിച്ച “ഹൃദസംഭ്രമം’ അനുഭവപ്പെട്ടു.

എന്റെ അന്തർനേത്രങ്ങൾ ചിമ്മിതുറക്കാൻ തുടങ്ങി. അതാ ഒരു വ്യക്തിയെ കാണാം. പഴകിയ വസ്ത്രവും ധരിച്ചു ചാപ്പലിന്റെ മൂലയിൽ കയ്യിൽ ഒരു പൊതിയും പിടിച്ചിരിക്കുന്നു. കൈകളിലും കാലുകളിലും ആണിപ്പാടുകൾ. ‘ഞാൻ ഒരു പുരുഷൻ’, ‘സ്നേഹഗായകൻ’ ആൾ പകുതി പരിചയപ്പെടുത്തി.

“എന്റെ വിളി സ്നേഹമാകുന്നു” ഒരു സ്ത്രീശബ്ദം സ്നേഹത്തിന്റെ വഴിയിൽ, സഹനം ലയിപ്പിച്ചു. വഴിയുടെ നീളംകുറഞ്ഞ, കുറുക്കുവഴി കണ്ടെത്തിയ കർമ്മലീത്താ വസ്ത്രമണിഞ്ഞു, എല്ലും തോലുമായി, ശോഭയുള്ള മുഖവുമായി ‘ചെറുപുഷ്പം’ സക്രാരിക്കരികെ.

ഉടൻ ചാപ്പലിന്റെ മുൻവശം പൊങ്ങുന്നതുപോലെ തോന്നി.

അതെ യാത്ര “മലകയറ്റമാകുന്നു” ചാപ്പലിന്റെ ജനലഴികൾ അഴിഞ്ഞു. ഒരാൾ അകത്തു പ്രവേശിച്ചു.

കൈകാലുകളിൽ ചങ്ങലക്കിട്ട പാടുകൾ... ക്ഷീണിതൻ.... പേരു തിരക്കി, അപ്പോൾ താനെഴുതിയ ഒരു പുസ്തകം തുറന്നു കാട്ടി.

**സ്നേഹഗീതം**

എങ്ങു നീ ഒളിച്ചെന്നെ കേഴുവാൻ വിട്ടു നാഥാ
എന്നെ ഹാ! മുറിവേല്പിച്ചോടി നീ മാനെന്നപോൽ..

**ഇരുണ്ടരാത്രി**

ഇരുണ്ടരാത്രിയൊന്നിൻ രാഗവായ്പ്പാലെന്നുള്ളമുരുകി
ത്തിളച്ചഹോ, ഭാവുകം! മഹാഭാഗ്യം..

**സ്നേഹജ്വാല**

ഹാ, സജീവമാം സ്നേഹജ്വാല, നീയെന്നാത്മാവിൽ
ഗുഢഗൂഢമാം കേന്ദ്രമാർദ്രമായ് പൂകുന്നല്ലോ!

ഇരുണ്ട രാത്രി തന്റെ 'കർമ്മലമലകയറ്റം ഇരുണ്ടരാത്രി' എന്ന ഗ്രന്ഥത്തിനാദാരം എന്നു മനസ്സിലാക്കി തന്നു. തന്റെ പേരു കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ആൾക്കു ചുറ്റും "കുരിശിന്റെ" ആകൃതിയിൽ ശോഭ തെളിഞ്ഞു.

യാത്ര ആരംഭിച്ചിട്ടേയുള്ളൂ, ഞാൻ കണ്ണു ചിമ്മി തുറക്കുന്ന ശിശുവാണെന്നു ഓർത്തപ്പോഴേക്കും മനസ്സിലായി നാളുകളേറെ കഴിഞ്ഞിരിക്കുന്നു. ഞാൻ വയസ്സനായി



തുടങ്ങി. വികൃതൻ, കഷണ്ടികയറി... നെറ്റി ചുളിഞ്ഞു.. പക്ഷെ മണവാളനെന്നോട് കൂടുതൽ ഇഷ്ടം തോന്നുന്നു എന്ന്, തന്റെ വേദനയിൽ, മലയിൽ നിന്നദ്ദേഹം മന്ത്രിക്കുന്ന ലക്ഷണം.

അപ്പോഴേക്കും മലയുടെ മുകളിലെത്തി. അവിടെ വലിയ സ്വരം കേൾക്കാം, ആണിയിൽ ചുറ്റികയ്ക്കടിക്കുന്ന സ്വരം.

ഏതോ കല്ല്യാണപ്പന്തൽ ഒരുങ്ങുന്ന പ്രതീതിയിൽ, പെട്ടെന്നു പുരുഷസ്വരത്തിൽ ഒരു കരച്ചിൽ "പിതാവേ എന്തുകൊണ്ടെന്നെ ഉപേക്ഷിച്ചു." അവൻ മനുഷ്യരുടെ കരങ്ങളിൽ ഞെരുങ്ങുന്നോ! വരൻ വധു വരാത്തതിനാൽ തേങ്ങുന്നതുപോലെ.

പക്ഷെ നിശബ്ദമായ സ്വർഗ്ഗീയലഹരിയിൽ ഒരു സ്വർഗ്ഗീയ ശോകഗാനം 'കരയുന്നവർ ഭാഗ്യവാന്മാർ' (മത്ത. 5:4) എന്നു സ്ത്രീശബ്ദത്തിൽ മുഴങ്ങുന്നതായി തോന്നി. സ്വർഗ്ഗസുന്ദരി അവിടെ ഉണ്ടോ? മറ്റുള്ളവരും ഈ രംഗം ആസ്വാദിച്ചിരുന്നെങ്കിൽ.... ഞാൻ കൊതിച്ചു.

അപ്പോഴേക്കും എനിക്കിഷ്ടപ്പെട്ട ആ മൗനനൊമ്പരത്തിന്റെ ഉറവിടം, ഉടമ എന്നെ മാടിവിളിച്ച്, വിവാഹപരസ്യത്തിലെ അനുസരണം സ്വന്തമാക്കിയ മണവാട്ടി



ക്കായി, അനുസരണശയ്യയായി ഒരുക്കിയ അമ്മ. അവളെ കണ്ടപ്പോൾ ഞാനറിയാതെ 'നന്മ നിറഞ്ഞവളെ സ്വസ്തി' എന്നു തേങ്ങി.

അമ്മ കൈയ്ക്കു പിടിച്ചപ്പോൾ എന്നിലെ ആത്മാവു നിശബ്ദമായി, ചോദ്യങ്ങൾ നിലച്ചു. "ഇതാ ഞാൻ" എന്ന് എന്റെ ആത്മാവു 'ഒറ്റക്കല്ല്' പറഞ്ഞത്.

അപ്പോൾ അമ്മയെന്റെ അന്തർനേത്രം പൂർണ്ണമായി തുറന്നു. അമ്മ നോക്കിയിടത്തേക്കു ഞാനും നോക്കി.

മൂന്നാണിയിൽ മരക്കുരിശിൽ പിടയുന്ന അമ്മയുടെ മകൻ, അവിടെ നിന്നായിരുന്നു നേരത്തെ ഞാനാ സ്നേഹരോദനം കേട്ടത്.

"ആ കുരിശിനെ വാരി പുണരൂ ശയ്യ നിന്റെ സ്വന്തമാകും" അമ്മ പഞ്ഞു.

'അനുസരണം ശയ്യയായി വാഗ്ദാനം ചെയ്തതു 'കുരിശായോ'? എന്നു സംശയിക്കുംമുമ്പ് അമ്മ വചനം തുറന്നു. 'അവൻ കുരിശോളം അനുസരണമുള്ളവനായി' (ഫിലി. 2:8)

കുരിശിൽ വരനെ കണ്ടെത്തി ശയ്യ എന്നിക്കു പങ്കിട്ടു. കുരിശോളം അനുസരിച്ചു.



സ്ഥലം കാൽവരിയിൽ, വഴി, സഹിക്കുന്ന സ്നേഹം.

എന്റെ കൂടെ ദേവാലയത്തിൽ യാത്ര ചെയ്ത കയ്യിലും കാലിലും മുറിവുള്ള 'സ്നേഹഗായകൻ' എന്റെ തലയിൽ ഒന്നു ഞൊട്ടി. കയ്യിലെ പൊതി തുറന്നു.

സ്നേഹഗായകൻ പറഞ്ഞു, "ഇതു പുരുഷധനമാണ് അയ്യോ ക്രുശിതനെ കണ്ടപ്പോ എല്ലാം മറന്നു പോയിരുന്നു. പൊതി നോക്കി, "ദാരിദ്ര്യം" എന്നതിൽ എഴുതിയിരിക്കുന്നു.

"പുരുഷധനം സ്വർഗ്ഗരാജ്യം എന്നു പറഞ്ഞിട്ടു ദാരിദ്ര്യം തരുന്നതെന്തേ?" എന്നു ചിന്തിക്കുംമുമ്പു അമ്മ ഉറക്കെ പറഞ്ഞു, "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" (മത്ത. 5:3)

അപ്പോൾ അദ്ദേഹത്തിന്റെ മാറിൽനിന്നു മുറിവിൽ നിന്നെന്നപ്പോലെ രക്തമൊഴുകുന്നത് ഉടുപ്പു നനഞ്ഞതുകൊണ്ടു മനസ്സിലായി. അദ്ദേഹം പറഞ്ഞു, "ഞാൻ വരിച്ച ദാരിദ്ര്യം ഈശോ തുറന്ന എന്റെ ഹൃദയത്തിൽ നിന്നും കുരിശിൽ കിടക്കുന്നവൻ മാതൃകയായി കാണിക്കുന്നു.

അപ്പോൾ അമ്മ കുരിശിലേക്കു എന്റെ കണ്ണു വീണ്ടും തിരിച്ചു. 'ദാരിദ്ര്യം' പൊതിയിൽ തുറന്ന ആൾക്കു കുരിശിൽ കിടന്ന ആളോടു സാമ്യം. "രണ്ടാം ക്രിസ്തു' എന്നു പതിനൊന്നാമൻ പീയൂസ് പാപ്പ വിളിച്ച

“ഫ്രാൻസീസ് അസ്സിസ്സി” ‘സ്നേഹഗായകൻ’

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. അമ്മ സഹായിച്ച തിനാൽ ക്രൂശിതനായവൻ മൂന്നാണിയിൽ, മരകുരിശിൻ ചൂടിൽ മിനുക്കിയ മോതിരം വിവാഹമോതിരമായണി യാൻ മനസ്സു വന്നു.

ഫ്രാൻസീസ് ആസ്സിസ്സിയോട്,

യോഹന്നാൻ ക്രൂസിനോടു, ചെറുപുഷ്പത്തോട് ചേർന്നു, ദേവാലയത്തിൽ ജീവന്റെ അപ്പത്തിൽ, മാതാ വിന്റെ സ്വന്തമായ അനുസരണത്തിൽ, കുരിശിൽ പുണർന്നപ്പോൾ, കുരിശിലെ യേശുവിന്റെ മോതിര മണിഞ്ഞപ്പോൾ, സഹിക്കുന്ന സ്നേഹത്തിന്റെ കുറുക്കു വഴിയിൽ, ദാരിദ്ര്യം സ്വർഗ്ഗീയ സമ്പത്തായി, വധുവരനാ രെന്നോർക്കാതെ എനിക്കുള്ളവരെല്ലാം യേശുവിന്റെ തിരുവിലാവിൽ ഒന്നാകാൻ കൊതിച്ചു.

അപ്പോഴേക്കും മൂന്നുനാൾ കഴിഞ്ഞിരുന്നു.

അവിടെ യേശുവിന്റെയും അമ്മയുടെയും ഹൃദയങ്ങൾ വിടർന്നു.

അതിൽ നോക്കിയ ഞാൻ, കണ്ണാടിയിൽ കണ്ട എന്റെ മുഖച്ഛായയല്ല കണ്ടത്.

ആ ഹൃദയങ്ങളിൽ എന്റെ ആത്മാവിന് പുതിയ



ഒരു മുഖച്ഛായ ഞാൻ കണ്ടു. മറ്റൊരു മുഖച്ഛായ. വിശുദ്ധിയിൽ അമ്മ ആത്മാക്കളെ
അലിയിച്ച മുഖച്ഛായ.

പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കപ്പെട്ടു.

ഒരു സ്നേഹതരംഗം ആരംഭിക്കുകയായി.

ആയിരം സഹനസുമങ്ങൾ വിടരുകയായി.

ഓ സ്നേഹസമുദ്രത്തിൽ ഹൃദയം വിരിച്ചിട്ട്
ഒരു കരയാക്കുകയായി.

ഞാൻ
രോഗിയായിരുന്നു
നിങ്ങളെന്നെ
സന്ദർശിച്ചു.

മത്തായി 25:36



## കൃതജ്ഞത

“നിങ്ങൾക്കു നന്ദി” എന്നു ക്രൂശിതനായ ക്രിസ്തുവിനെപ്പോലെ പറയുവാൻ പഠിക്കുന്ന ഒരുവൻ ഒരു രക്തസാക്ഷി യായി തീർന്നേക്കാം, പക്ഷെ ഒരിക്കലും ഒരു പീഡകൻ ആകുകയില്ല. (ജോൺ പോൾ II, ‘നാഥാ ഞങ്ങളോടൊത്തു വസിച്ചാലും’ നമ്പർ 26)

ഈ അക്ഷരങ്ങളിലെ ചില ഭാഗങ്ങൾക്ക് ദൈവീകസന്ദേശങ്ങളോട് കടപ്പാടുണ്ട്. അതിനുള്ള കൃതജ്ഞത ഒരു രക്തസാ ക്ഷ്യമായി എന്നിൽ രൂപപ്പെട്ടാൽ ഞാൻ കൃതാർത്ഥനായി.

ഇതിൽ സഹകരിച്ച ഓരോരുത്തർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**ഫാ. ജോയി തോമസ് തോട്ടങ്കര**
**എം.സി.ബി.എസ്.**

യേശുവിൻ ഹൃദയത്തിൻ തേരിലേറ്റി.
സ്വർഗ്ഗത്തിൽ നിന്നിറങ്ങും
സ്വർഗ്ഗീയ ജീവന്റെ അപ്പം
അകലെയല്ല അരികിൽ നാവിലാകാൻ
സ്നേഹത്തിൻ തീരത്തണഞ്ഞു ഞങ്ങൾ

തേനും പാലും ഒഴുകുന്ന നാട്ടിൽ
ഓർമ്മകൾ ഓരങ്ങളായ്
തീരത്തണഞ്ഞു സ്നേഹം പകർന്നു
പാറയെ തലോടി ഞങ്ങൾ
പാറകൾ അരുവിയായി

കടലിന്നു കരയായിടും
പാറകൾ അരുവിയാകും
കഠിന ഹൃദയങ്ങൾ പോലും
സ്നേഹത്തിൽ മൃദുവായിടും

കടലൊരു ഹൃദയമായ് മാറിയെങ്കിൽ
തിരകളെൻ തേങ്ങലിലലിയുമെങ്കിൽ
ഭയമില്ലാതക്കരെ യാത്രയാകും ഞാൻ
അമ്മയോടു ചേർന്നേശുവിൽ
യാത്ര ഞാൻ ചോദിക്കുന്നു



യാത്ര തീർത്ഥയാത്ര
ജീവന്റെ അപ്പം ഭുജിച്ച്
ദു:ഷ്ക്കരമാം ഈ ലോകവീഥിയിൽ
ശക്തിയോടെ സ്നേഹമോടെ യാത്ര

നരകത്തിലെ നക്ഷത്രം എന്റെ നക്ഷത്രങ്ങളുടെ മുദ്രയെ നശിപ്പിക്കാൻ ഓടിനടക്കുമ്പോൾ മക്കളെ അന്ധകാരത്തിലാണ്ടു പോയി നിങ്ങൾ വിശ്രമിക്കരുത്.

തെറ്റായ മൂല്യങ്ങൾ പകർന്നുവാങ്ങി കുതിരയേക്കാൾ വേഗത്തിൽ പായുന്ന യുവജനങ്ങളെ സുബോധമുള്ളവരാകുക.

കണ്ണുനീരോടെ മനംനൊന്ത് ഈ അമ്മ പറയുന്നു,

ലോകമക്കളെ നിങ്ങൾ വിശുദ്ധിയിൽ ജീവിക്കുക, മാനസാന്തരത്തിന്റെ അനുഭവത്തിലൂടെ കർത്താവിങ്കലേക്കു മടങ്ങുക.

ക്രിസ്തുവിന്റെ കുരിശ് പരിശുദ്ധാത്മശക്തിയാൽ എല്ലാ ഹൃദയങ്ങളിലും നട്ടുവളർത്താൻ ഈ അമ്മയെ അനുവദിക്കുക.

**17.** പുണരാം വാരി പുണരാം
ദിവ്യകാരുണ്യാനുഭവങ്ങൾ
ചൊല്ലാം ഏറ്റു ചൊല്ലാം
എൻ കർത്താവേ എൻ ദൈവമേ
കൈയിലെ മുറിവുകൾ നോക്കിപ്പാടാം
എൻ കർത്താവേ എൻ ദൈവമേ
കാലിലെ മുറിവുകൾ ചുംബിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
തിരുവിലാവിൽ നോക്കിപ്പാടാം
എൻ കർത്താവേ എൻ ദൈവമേ
അവസാനത്തുള്ളിക്കും സ്നേഹം പകരാം
എൻ കർത്താവേ എൻ ദൈവമേ

വചനത്താൽ ഹൃദയം ജ്വലിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
അപ്പം മുറിക്കുമ്പോൾ ഏറ്റു പാടാം
എൻ കർത്താവേ എൻ ദൈവമേ
വിശ്വാസ നേത്രങ്ങൾ തുറന്നു പാടാം
എൻ കർത്താവേ എൻ ദൈവമേ
രക്തസാക്ഷികളാകാം പാടാം
എൻ കർത്താവേ എൻ ദൈവമേ



സ്നേഹത്താൽ ഹൃദയം ജ്വലിച്ചു പാടാം
എൻ കർത്താവേ എൻ ദൈവമേ
സാഹോദര്യത്തിൽ നിറഞ്ഞു പാടാം
എൻ കർത്താവേ എൻ ദൈവമേ
ശാന്തിഗീതമേറ്റു പാടാം
എൻ കർത്താവേ എൻ ദൈവമേ
ജീവകാരുണ്യമായ് പാടാം
എൻ കർത്താവേ എൻ ദൈവമേ



**22.** എത്ര നല്ല സ്നേഹിതൻ സ്നേഹിതൻ
എന്റെ നല്ല രക്ഷകൻ ഈശോ
എനിക്കായ് പുൽക്കൂട്ടിൽ പിറന്നവൻ
എനിക്കായ് ശിശുവായ ദൈവം

ആധിപത്യം അവന്റെ ചുമലിൽ
വിസ്മനീയൻ ഗുരുനാഥൻ
ശക്തനായ ദൈവമല്ലോ
ശാന്തിതൻ രാജനല്ലോ

രാജാധിരാജനേശു രാജൻ
സർവ്വലോകങ്ങൾക്കും രാജൻ
ആ രാജ്യം ഐഹീകമല്ലല്ലോ
ഹൃദയങ്ങൾ സ്വർഗ്ഗമാക്കും രാജ്യം

ഉന്നതമാം നിത്യ ശാന്തി
അനന്തമെൻ ഹൃദയത്തിൽ
ആ ശാന്തി വേറെയാരും നൽകില്ല
ആ ശാന്തിയാരും തകർക്കില്ല

എത്ര നല്ല സ്നേഹമെൻ സ്നേഹിതന്റെ
ഏറ്റം വലിയ സ്നേഹമാണതല്ലോ
എനിക്കായ് കുരിശിൽ മരിച്ചവൻ
അതിലേറെ സ്നേഹമെവിടെ